മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 03 THE ONLINE OFFICIAL NEWS BULLETIN 2023 January 21

ദനഹകാലം | SEASON OF EPIPHANY | ܥܕܢܐ ܕܕܢܚܐ

2023 ജനുവരി കോനൂൻ ഹ്രോയ്

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܒܫܒܐ TUESDAY	ܐܪܒܥܒܫܒܐ WEDNESDAY	ܚܡܫܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
22 3rd Sunday after Epiphany 207th Mem. Of Mar Thoma VIII (Puthencavu Cathedral) ♪5 	23 Comme. of St. Augen the monk ♪1 	24 ♪5	25 ♪1	26 17th Mem. of H.H.Baselios Mar Thoma Mathews II Catholicos (Shasthamkotta Mount Horeb) 67th Memorial of Paulose Mar Athanasios (Kuttikkattil) (Aluva Thrikkunnath Seminary) ♪5  	27 ♪1	28 ♪5



ഇടയശുശ്രൂഷയിൽ കാരുണ്യബോധം വളർത്തണം: പ. കാതോലിക്കാബാവാ

കോട്ടയം: ഇടയശുശ്രൂഷയിൽ കാരുണ്യബോധവും സാമൂഹിക പ്രതിബദ്ധതയും വളർത്തണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാബാവ പറഞ്ഞു.

കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ നടന്ന വേദശാസ്ത്ര കോൺവൊക്കേഷൻ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പ്രശസ്ത വേദശാസ്ത്രജ്ഞൻ ഡോ. ജേസുദാസ് അത്യാൽ മുഖ്യ പ്രഭാഷണം നടത്തി. വൈദിക ശുശ്രൂഷയിൽ കാലത്തിന്റെ സൂചനകൾ തിരിച്ചറിഞ്ഞ് ദരിദ്രരുടെയും അശരണരുടെയും പക്ഷം ചേർന്നുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ കഴിയണമെന്ന് അദ്ദേഹം പറഞ്ഞു.

ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, പ്രിൻസിപ്പാൾ ഫാ. ഡോ. റെജി മാത്യു, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗ്ഗീസ് അമയിൽ, ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. ഡോ. ഷാജി പി. ജോൺ, ഫാ. ഡോ. ജോസ് ജോൺ, ഫാ. ജോബ് സാം മാത്യു എന്നിവർ പ്രസംഗിച്ചു. 94 വയസ്സിന്റെ നിറവിലായ ഫാ. ഡോ. റ്റി. ജെ. ജോഷ്വായെ പ. കാതോലിക്കാബാവാ പൊന്നാട അണിയിച്ച് ആദരിച്ചു.

വേദശാസ്ത്രപഠനത്തിൽ ബിരുദം നേടിയ 200 വിദ്യാർത്ഥികൾക്കും കൗൺസലിംഗിലും സംഗീതത്തിലും ഡിപ്ലോമ നേടിയവർക്കും പ. ബാവാ സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും നൽകി.



പരുമല ആശുപത്രിയിലെ പുതിയതായി പണികഴിപ്പിച്ച ICU ബ്ലോക്കിന്റെയും 21 റൂമുകളോട് കൂടിയ D5 വാർഡിന്റെയും കൂദാശ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ ബാവാ നിർവഹിച്ചു. ചടങ്ങിൽ പരുമല ആശുപത്രി സിഇഒ ഫാദർ എം. സി. പൗലോസ്, പരുമല സെമിനാരി മാനേജർ കെ. വി. പോൾ റമ്പാൻ, അല്മായ ട്രസ്റ്റി റോണി വർഗീസ്, പരുമല ആശുപത്രി ഫിനാൻസ് കോഡിനേറ്റർ തോമസ് ജോൺസൺ കോർ എപ്പിസ്കോപ്പ, സെക്രട്ടറി & പ്രോജക്ട് ഡയറക്ടർ വർക്കി ജോൺ, പരുമല ആശുപത്രി ചാപ്ലിൻ ഫാദർ ജിജു വർഗീസ്, ഫാ. എൽദോസ് ഏലിയാസ്, മെഡിക്കൽ സൂപ്രണ്ട് ഡോക്ടർ ഷെറിൻ ജോസഫ്, പരുമല ആശുപത്രി മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവർ പങ്കുചേർന്നു.



തുമ്പമൺ ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി ഡോ. ഏബ്രഹാം മാർ സെറാഫീം മെത്രാപ്പോലീത്താ ചുമതയേറ്റെടുത്തു. കുറിയാക്കോസ് മാർ ക്ലീമിസ് സമീപം.

പുസ്തകം



വിശുദ്ധ രഹസ്യങ്ങൾ

മാർ ഗീവർഗീസ്, മൂശെ ബർകീഫാ, ദീവന്നാസ്യോസ് ബർസ്ലീബി, ദാരായിലെ മാർ യോഹന്നാൻ എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ

ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

അദ്ധ്യായം നാല്

ഖണ്ഡിപ്പിനും റൂശ്മായ്ക്കും ശേഷം പട്ടക്കാരൻ പിതാവിനോട് ഞങ്ങളുടെ കർത്താവായ യേശുമശിഹായുടെ പിതാവായ ദൈവമേ എന്ന പ്രാർത്ഥന ചൊല്ലുന്നു. അതായത്, ഇവിടുത്തെ പ്രാർത്ഥനയിൽ തങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളേയും ശുദ്ധീകരിക്കുവാൻ പിതാവിനോട് അപേക്ഷിക്കുകയാണ്. അതായത് വെടിപ്പോടുകൂടെ നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥന പ്രാർത്ഥിക്കണം. ലജ്ജാരഹിതമായ മുഖത്തോടെ. അതായത് കൽപ്പന ലംഘനം മൂലമുള്ള പാപത്താൽ ലജ്ജിക്കുവാൻ ഇടയാകരുതേ. അല്ലെങ്കിൽ ചെയ്തുപോയിട്ടുള്ള മറ്റേതെങ്കിലും പ്രത്യേക പാപം മൂലം ലജ്ജിക്കുവാൻ ഇടയാകരുതേ. കാരുണ്യവാനായ നിന്നെ വിളിക്കുവാൻ, അതായത്, ഞങ്ങൾ വെടിപ്പുള്ളവരാണെങ്കിലും നിന്നോട് ഈ പ്രാർത്ഥന പ്രാർത്ഥിക്കുവാൻ ഞങ്ങളെ ശക്തരാക്കണമേ. വീണ്ടും, ശക്തി നൽകണമേ, അതായത് പൂഴിയും ദാസരും ആകുന്നെങ്കിലും ഞങ്ങൾ സ്വർഗ്ഗീയ ദൈവത്തെ ഞങ്ങളുടെ പിതാവേ എന്നു വിളിക്കും. പിതാവാം ദൈവത്തെക്കുറിച്ച് അറിയുന്നത് നല്ലതാണ്. അവൻ മാമോദീസായിലൂടെ നമ്മുടെ പിതാവായി. പുത്രൻ മാമോദീസാ മുങ്ങിയപ്പോൾ അവൻ പറഞ്ഞു ഇവൻ എന്റെ പുത്രനാകുന്നു. ഇവൻ എന്റെ പുത്രനാകുന്നു എന്ന് അവൻ പറഞ്ഞപ്പോൾ പാഷണ്ഡർ പറയുന്നതുപോലെ അവൻ അവനെ അപ്പോൾ പുത്രനാക്കുകയല്ലായിരുന്നു. സ്വഭാവത്തിലും ഉണ്മയിലും അനാദിയായും അവൻ പുത്രനായിരുന്നു. കാലങ്ങൾക്ക് മുമ്പേയും അനാദിയായും അവൻ അവനെ ജനിപ്പിച്ചു. എന്നാലോ അവൻ മറവായും നിഗൂഢമായും സ്ഥിതിചെയ്തു. അവൻ മനുഷ്യാവതാരം മാമോദീസാ ഇവയിലൂടെ അവനെ വെളിവാക്കുകയും ഇവൻ എന്റെ പ്രിയപുത്രൻ എന്ന് അവനെ കാണിച്ച് കൊടുക്കുകയും ചെയ്തു. അതുകൊണ്ട് ഇവൻ എന്റെ പുത്രൻ എന്ന് അവൻ പറഞ്ഞപ്പോൾ സ്വഭാവപ്രകാരം അവൻ തന്റെ പുത്രനാകുന്നു എന്ന് സത്യമായും അവർക്ക് കാണിച്ചുകൊടുത്തു. അവൻ മറഞ്ഞിരിക്കുകയായിരുന്നു എന്നാൽ അവൻ ജഡത്തിൽ വെളിപ്പെട്ടു. ഇവൻ എന്റെ പുത്രനാകുന്നു എന്ന് അവൻ പറഞ്ഞപ്പോൾ അവനോടൊപ്പം മാമോദീസാ മുങ്ങിയ എല്ലാ വിശ്വാസികളെയും അവൻ മക്കളെന്ന് വിളിച്ചു. അതുകൊണ്ട് സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് നമ്മളും വിളിക്കുന്നു.

പട്ടക്കാരൻ ഈ പ്രാർത്ഥന അവസാനിപ്പിച്ചതിന് ശേഷം ജനം ഉച്ചസ്വരത്തിൽ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് ചൊല്ലുന്നു. അതായത്, സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നത് ഒരു ഉറപ്പിന്റെ പ്രാർത്ഥനയാണ്. അത് കൃപയാൽ നാം ദൈവമക്കളായി എന്ന് നമ്മെ പഠിപ്പിക്കുന്നു. ഇത് സ്രഷ്ടാവിനോടുള്ള നന്ദിയും നല്ല കാര്യങ്ങളോടുള്ള സ്നേഹവും തിന്മകളിൽ നിന്നുള്ള പൂർണ്ണ വിടുതലും പ്രത്യാശയും പാപമോചനവുമാണ്.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ: അതായത്, പല ചോദ്യങ്ങൾ ഉന്നയിക്കുന്നത് ഇവിടെ ന്യായമാണ്. ഒന്ന്, ഏതെല്ലാം തരത്തിൽ പിതാവ് എന്ന് പറയപ്പെടുന്നു? രണ്ട്, ഏത് അർത്ഥത്തിലാണ് ദൈവത്തെ ഞങ്ങളുടെ പിതാവേ എന്ന് വിളിക്കപ്പെടുന്നതും നമ്മൾ അവന്റെ മക്കൾ ആകുന്നതും? മൂന്ന്,



എന്തുകൊണ്ടാണ് മശിഹാ ഞങ്ങളുടെ പിതാവേ എന്ന് ദൈവത്തെ വിളിക്കുവാൻ ഞങ്ങളെ പഠിപ്പിച്ചത്? നാല്, എന്തുകൊണ്ടാണ് നാം എന്റെ പിതാവേ എന്ന് വിളിക്കാതെ ഞങ്ങളുടെ പിതാവേ എന്ന് വിളിക്കണമെന്ന് അവൻ പറഞ്ഞത്? അഞ്ച്, ആരാണ് പിതാവ് എന്ന പേര് അവരോട് ചേർത്ത് ഉയോഗിച്ചത്? ദൈവം അവരുടെ പിതാവാണെങ്കിൽ ആരുടേതല്ല? ആറ്, എന്തുകൊണ്ടാണ് അവൻ ഞങ്ങളുടെ പിതാവ് എന്ന് വിളിക്കുമ്പോൾ സ്വർഗ്ഗത്തിലുള്ളവൻ എന്ന് കൂട്ടിച്ചേർക്കുന്നത്? അവൻ ഭൂമിയിലും ആയാറിലും കടലിലും, എല്ലായിടത്തും ഇല്ലയോ?

ഒന്നാം ചോദ്യം, ഏതെല്ലാം തരത്തിൽ അവനെ പിതാവെന്ന് വിളിക്കും? രണ്ട് രീതിയിൽ അവനെ പിതാവെന്ന് വിളിക്കും, സത്താപരമായും സാന്ദർഭികമായും. സത്താപരമായി അവൻ പിതാവാകുന്നത് രണ്ടു രീതിയിലാണ്. ദൂരസ്ഥനായ പിതാവും സമീപസ്ഥനായ പിതാവും. ദൂരസ്ഥനായ പിതാവെന്ന് പറയുമ്പോൾ ആദാം അബ്രഹാമിന് പിതാവാകുന്നതുപോലെയാണ്. എന്നാൽ സമീപസ്ഥനായ പിതാവാകട്ടെ, അബ്രഹാം ഇസഹാക്കിന് പിതാവായിരിക്കുന്നതുപോലെയും. അതുപോലെ പുത്രനും ദൂരസ്ഥൻ സമീപസ്ഥൻ എന്നതുപോലെ രണ്ട് തരത്തിൽ ആകുന്നു. സാന്ദർഭികമായി പിതാവാകുന്നത് അനേകവും പല തരത്തിലും ആകുന്നു. വിശ്വാസികളായ ഗുരുക്കന്മാരെ പിതാവെന്ന് വിളിക്കാറുണ്ട്. ശ്ലീഹാ പറഞ്ഞതുപോലെ, ഞാനാകുന്നു സുവിശേഷത്തിൽ നിങ്ങളെ യേശു മിശിഹായിൽ ജനിപ്പിച്ചത് (1 കൊരി 4:15). അതുപോലെ മുന്നൂറ്റി പതിനെട്ട് എപ്പിസ്ക്കോപ്പാമാരെ നാം പിതാക്കന്മാരെന്ന് വിളിക്കാറുണ്ട്. നിങ്ങൾ സാത്താന്റെ മക്കളാകുന്നു എന്ന് മിശിഹാ യഹൂദന്മാരെ വിളിച്ചതുപോലെ സംസ്കാരവും രീതികളും അനുസരിച്ച് നല്ലവരായാലും മോശം

ആളുകളായാലും അവരെ പിതാവെന്ന് വിളിക്കപ്പെടാറുണ്ട്. കാരണം സാത്താന്യമായ സ്വഭാവങ്ങളും രീതികളും അവരിൽ കാണപ്പെടും. ഒരാൾ മാമോദീസാ ആരിൽനിന്ന് സ്വീകരിച്ചുവോ അയാൾ അവരുടെ പിതാവെന്ന് വിളിക്കപ്പെടും. അവരുടെ മദ്ധ്യസ്ഥനേയും ഇന്നയാൾ അയാളുടെ പിതാവാകുന്നു എന്ന് പറയുന്നു. വീണ്ടും ഗുരുക്കന്മാരെ പിതാവെന്ന് വിളിക്കപ്പെടാറുണ്ട്. ഗുരു ശിഷ്യന്റെ പിതാവാണെന്ന് നാം പറയാറുണ്ട്. ബഹുമാന സൂചകമായും പിതാവെന്ന് നാം വിളിക്കാറുണ്ട്. അതായത് മുതിർന്നവരേയും ബഹുമാന്യരായി കാണപ്പെടുന്നവരേയും നാം പിതാവെന്ന് വിളിക്കാറുണ്ട്. അങ്ങനെ നാം അവരെ ബഹുമാനിക്കുന്നു. മറ്റ് പല രീതിയിലും നാം സാന്ദർഭികമായി പലരേയും പിതാവിനേപ്പോലെ കണ്ട് വിളിക്കും.

രണ്ടാമത്തെ ചോദ്യം, ഇതിൽ സൂചിപ്പിച്ചിട്ടുള്ള ഏത് അർത്ഥ തലത്തിൽ ഞങ്ങളുടെ പിതാവായ ദൈവമെ എന്ന് വിളിക്കപ്പെടുന്നത്? നാം പറയും ഇതിലൊന്നും അല്ല. എന്നാൽ നാമും ക്രിസ്തും കർത്താവിന്നടുത്ത ഒരേ മാമോദീസായുടെ ഉദരത്തിൽനിന്ന് ജനിച്ചിരിക്കുന്നതിനാൽ നാം അവന് സഹോദരങ്ങളും സ്വർഗ്ഗസ്ഥനായ പിതാവിന് മക്കളും ആയിത്തീർന്നതുകൊണ്ട് നാം അവനെ ഞങ്ങളുടെ പിതാവായ ദൈവമേ എന്ന് വിളിക്കുന്നത്. ഒരേ ഉദരത്തിൽനിന്ന് ജനിക്കുന്നവരെ പരസ്പരം സഹോദരങ്ങളെന്നും അവരെ ജനിപ്പിക്കുന്നവരുടെ മക്കളെന്നും വിളിക്കപ്പെടും എന്ന നിയമമനുസരിച്ച് നാം ദൈവത്തെ ഞങ്ങളുടെ പിതാവേ എന്ന് വിളിക്കുന്നു. അവൻ നമ്മെ മാമോദീസാ മൂലം പരിശുദ്ധാത്മാവിൽ ജനിപ്പിച്ചതിനാൽ ഇതിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് സുവിശേഷകനായ യോഹന്നാൻ പറഞ്ഞു ഞാനവർക്ക് ദൈവമക്കളാകുവാനുള്ള അധികാരം കൊടുത്തു (യോഹ. 1:12) അതുകൊണ്ട് നാം ദൈവത്തെ പിതാവെന്ന് വിളിക്കും. രക്തത്താലുമല്ല ജഢത്തിന്റെ ഇഷ്ടത്താലുമല്ല പുരുഷന്റെ ഇച്ഛയാലുമല്ല എന്നാൽ ദൈവേഷ്ടത്താലത്രേ അവർ ജനിച്ചത് (യോഹ. 1:13). അതുപോലെ പരിശുദ്ധനായ പൗലോസ് പറഞ്ഞു ഭയത്തിന്റേയും ദാസ്യത്തിന്റേയും ആത്മാവിനെയല്ല നിങ്ങൾക്ക് ലഭിച്ചിരിക്കുന്നത്. വീണ്ടും അവൻ പറഞ്ഞു, നിങ്ങൾ ക്രിസ്തുവിന് സഹോദരങ്ങളും ക്രിസ്തുവിന് കൂട്ടവകാശികളുമാകുന്നു (റോമ. 8:17). ദാവീദ് പൗലോസിനൊപ്പം പറഞ്ഞു ഞാൻ നിന്റെ നാമം എന്റെ സഹോദരന്മാരോട് കീർത്തിക്കും (സങ്കീ. 22:23, എബ്രായ 2:12). ഞങ്ങൾ ക്രിസ്തുവിന് സഹോദരങ്ങളായിത്തീർന്നതുപോലെ സ്വർഗ്ഗസ്ഥനായ പിതാവിന് മക്കളും ആകുന്നു. അതുകൊണ്ട് മിശിഹാ ഉണ്മയിൽ പിതാവിന് പുത്രനായിരിക്കുന്നതുപോലെ നാം കൃപയാൽ മക്കളാകുന്നു. മശിഹായിക്ക് പരിശുദ്ധാത്മാവിന്റെ കുറവുണ്ടായിട്ടല്ല അവൻ റൂഹായെ സ്വീകരിച്ചത്. എന്നാലോ നമുക്കു വേണ്ടിയാണ് സ്വീകരിച്ചത്. കാരണം അവൻ അവന്റെ സാരാംശമാകുന്നു, ഉണ്മയിൽ ഒന്നാകുന്നു അവനിൽനിന്ന് എടുക്കുന്നവനും ആകുന്നു. അവന്റെ മദ്ധ്യസ്ഥത മൂലം ദിവ്യജ്ഞാനത്താൽ കാണുന്നതുപോലെ നമുക്ക് കുറവുണ്ടായിരുന്ന പരിശുദ്ധാത്മാവിന്റെ ആവാസം നാം പ്രാപിച്ചു.

മൂന്നാമത്തെ ചോദ്യം, എന്തുകൊണ്ട് ദൈവത്തെ ഞങ്ങളുടെ പിതാവേ എന്നു വിളിക്കുവാൻ അവൻ നമ്മളെ പഠിപ്പിച്ചു? നാം പറയും, ഒന്ന്, നമുക്ക് ലഭിച്ചിട്ടുള്ള നന്മകളെ അവൻ നമ്മെ ഓർമ്മിപ്പിക്കുന്നു, അതായത്, നമ്മെ അവന്റെ സഹോദരങ്ങളും അവന്റെ പിതാവിന് മക്കളുമാക്കി തീർത്തു. രണ്ട്, പ്രാർത്ഥനയ്ക്കായി തിരിയുന്നവരോട് ആകൽക്കറുസാ യുദ്ധം ചെയ്യുകയും അവരെ തടയുവാൻ ശ്രമിക്കുകയും ചെയ്യും. യൂസാദാക്കിന്റെ മകനായ യേശു പ്രാർത്ഥിക്കുവാൻ എഴുന്നേൽക്കുമ്പോൾ അവനോട് യുദ്ധം ചെയ്ത് അവനെ മുറിവേൽപ്പിക്കുന്നത് ഇതിന് തെളിവാണ് (സഖറിയാ 3:1). നാം പ്രാർത്ഥിക്കുവാൻ അടുത്തുവരുമ്പോൾ, ദൈവത്തെ ഞങ്ങളുടെ പിതാവേ എന്ന് വിളിക്കുന്നത് അവൻ കേൾക്കുമ്പോൾ അവൻ ഭയപ്പെടുകയും ഓടിപ്പോകുകയും ചെയ്യും. ഒരു കുട്ടിയോട് ആരെങ്കിലും ശണ്ഠയ്ക്ക് വന്നാൽ, അവന് ബലവാനായ ഒരു പിതാവുണ്ടെങ്കിൽ പുത്രൻ ഉടൻതന്നെ പിതാവേ എന്ന് വിളിച്ചാൽ ശത്രു അവന്റെ മുമ്പിൽ നിന്ന് ഓടി ഒളിക്കും. മൂന്ന്, പിതാവ് പുത്രന്മാർ എന്നീ നാമങ്ങൾ മൂലവും അവരുടെ ഇടയിലുള്ള ബന്ധം മൂലവും ദൈവത്തെ സ്നേഹിക്കുവാനും അവന്റെ ഇഷ്ടം ചെയ്യുവാനും അവന്റെ കൽപ്പനകളെ പാലിക്കുവാനും അവൻ നമ്മെ പ്രേരിപ്പിക്കുന്നു. നാല്, അവരുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ പുത്രന്മാർ തങ്ങളിൽ തെളിയിക്കേണ്ടതിന് മനുഷ്യന് എത്രമാത്രം ദൈവത്തിന്റെ സാദൃശ്യത്തിലേക്ക് വരാൻ കഴിയുമോ അത്രമാത്രം ദൈവത്തിന്റെ സാദൃശ്യം നമ്മിൽ കൊണ്ടുവരുവാൻ അവൻ നമ്മെ പഠിപ്പിക്കുന്നു.



നാലാമത്തെ ചോദ്യം, എന്റെ പിതാവേ എന്നല്ല ഞങ്ങളുടെ പിതാവേ എന്ന് വിളിക്കണമെന്ന് എന്ത് കാരണം കൊണ്ടാണ് അവൻ നമ്മോട് പറഞ്ഞത്? നാം പറയും, ഞങ്ങളുടെ പിതാവ് എന്നതുകൊണ്ട് പൊതുവായത് എന്നാണ് അർത്ഥമാക്കുന്നത്. എന്റെ പിതാവ് എന്നാൽ ഓരോരുത്തരുടേയും പ്രത്യേകം പ്രത്യേകം എന്നാണ്. ഞങ്ങളുടെ പിതാവേ എന്ന് പൊതുവായി വിളിക്കുവാൻ അവൻ പറഞ്ഞപ്പോൾ അവൻ ഈ കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഒന്ന്, സഭാ ഗാത്രം ഒന്നാണ്. രണ്ട്, പൊതുവായി പ്രാർത്ഥിക്കുവാൻ അവൻ നമ്മെ പഠിപ്പിക്കുന്നു. മൂന്ന്, ഇതുമൂലം അവൻ അഹങ്കാരത്തെ ഇല്ലാതാക്കുന്നു. ഇതുമൂലം രാജാവും പ്രജകളും, ധനവാനും ദരിദ്രനും അധികാരിയും അധികാരത്തിന് കീഴ്പ്പെട്ടവരും ജ്ഞാനികളും ഭോഷന്മാരും തുല്യരാണെന്ന് (അവൻ പഠിപ്പിക്കുന്നു). ഇതുമൂലം അവരുടെ പിതാവ് ഒരുവനാണെന്നും അവർ ആത്മാവിൽ ഒരു കൂട്ടമാണെന്നും (അവൻ പഠിപ്പിക്കുന്നു). സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവ് എന്ന് വിളിച്ച് പ്രാർത്ഥിക്കുമ്പോൾ കുടുംബമഹിമ ഇല്ലായ്മയോ സമ്പത്തിന്റെ കുറവോ അജ്ഞതയോ കുറവായി കണക്കിടുന്നില്ല. നാല്, നമ്മുടെ ഇടയിൽ നിന്ന് വിദ്വേഷവും വൈരാഗ്യവും ശത്രുതയും മാറ്റി പരസ്പര സ്നേഹം ഉറപ്പിക്കുന്നു. എന്റെ പിതാവേ എന്നല്ല ഞങ്ങളുടെ പിതാവേ എന്ന് വിളിക്കുവാൻ അവൻ നമ്മോട് പറഞ്ഞു. അത് നമ്മെ വൈരാഗ്യത്താൽ വിഭജിക്കുകയല്ല സ്നേഹത്തിൽ യോജിപ്പിക്കുന്നു.

അഞ്ചാമത്തെ ചോദ്യം, പിതാവെന്ന നാമം കൊണ്ട് ആരേയാകുന്നു ബന്ധിപ്പിക്കുന്നത്, ദൈവം ആരുടെ പിതാവാകുന്നു ആരുടേതല്ല? നാം പറയും, വെടിപ്പുള്ള ചിന്തകൾ ഉള്ളവനും ഹൃദ്യമായ വാക്കുകളാൽ സംസാരിക്കുന്നവനും നന്മപ്രവർത്തികൾ ചെയ്യുന്നവനും, ഉപവാസം, പ്രാർത്ഥന, വിവേകം, വിശുദ്ധി, കരുണ, ശാന്തി, അതുപോലുള്ളവയിൽ നിൽക്കുന്നവർക്കാണ് സത്യത്തിൽ പിതാവാം ദൈവമേ എന്ന് വിളിക്കാവുന്നത്. സംശയമില്ല അവരാകുന്നു അവന്റെ മക്കൾ. കർത്താവ് അരുളിച്ചെയ്തതുപോലെ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരാകുവിൻ (മത്തായി 5:48), സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് കാരുണ്യവാനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിപ്പിൻ (ലൂക്കോസ് 6:36). വിചാരങ്ങളിൽ അശുദ്ധിയുള്ളവരും മ്ലേഛമായ വാക്കുകളുപയോഗിക്കുന്നവരും ദുഷ്ടത നിരൂപിക്കുന്നവരും, വൈരാഗ്യവും വിദ്വേഷവും ഉള്ളവരും അനീതി പ്രവർത്തിക്കുന്നവരും അതിക്രമക്കാരും പൊളിപറയുന്നവരും ദുർമ്മാർഗ്ഗികളും ഇങ്ങനെയുള്ളവർ ദൈവത്തിന്റെ മക്കളാവുകയില്ല. അതുപോല അവൻ അവരുടെ പിതാവും അല്ല. എന്നാലോ മിശിഹാ യഹൂദന്മാരോട് പറഞ്ഞതുപോലെ അവർ സാത്താന്റെ മക്കളാകുന്നു (യോഹ. 8:44). ദൈവം അരുളിച്ചെയ്തതുപോലെ മക്കളെ വളർത്തി വലുതാക്കി അവരോ എന്നോട് മത്സരിച്ചു (യെശ 1:2). വീണ്ടും, അന്യന്മാരുടെ മക്കൾ ഛേദിക്കപ്പെടും അവരുടെ പാതകളിൽ അവർക്ക് വിറയലുണ്ടാകും (സങ്കീ. 18:45). ശ്ലീഹാ പറഞ്ഞു, ഇരുളിനും വെളിച്ചത്തിനും തമ്മിൽ എന്ത് കൂട്ടായ്മ? (2 കൊരി. 6:14). അവയ്ക്ക് ദൈവത്തോട് ബന്ധവും സംബന്ധവും ഇല്ല. അതുകൊണ്ട് അവരുടെ ദൈവമെന്ന് അവനെ വിളിക്കയില്ല. കാരണം അവരിൽ അവന്റെ യാതൊരു സാമ്യവും ഇല്ല അവന്റേതുപോലുള്ള നന്മകളും ഇല്ല. അവർ സാത്താനെയാണ് പ്രതിബിംബിപ്പിക്കുന്നത്. അതുകൊണ്ട് തങ്ങൾ തിന്മപ്പെട്ടവരായിരിക്കെ ദൈവത്തെ ഞങ്ങളുടെ പിതാവേ എന്ന് ആരെങ്കിലും വിളിച്ചാൽ അവർ അസത്യം പറയുകയാണ്. പ്രകാശത്തിന് ഇരുട്ടിനോടും, ജീവന് മരണത്തോടും സംബന്ധമില്ലാത്തതുപോലെ, ദൈവത്തിന്

ദുഷ്ടനോട് ബന്ധമില്ല. ഞങ്ങളുടെ പിതാവെന്ന് ആര് വിളിക്കുന്നുവോ അവർ കഴിയുന്നിടത്തോളം സകല സൽഗുണങ്ങളിലും നന്മകളിലും നിറഞ്ഞിരിക്കണം.

ആറാം ചോദ്യം, എന്തുകൊണ്ടാണ് ഞങ്ങളുടെ പിതാവേ എന്ന് പറയുമ്പോൾ അവൻ സ്വർഗ്ഗസ്ഥനായ എന്ന് കൂട്ടിച്ചേർക്കുന്നത്? ദൈവം അതിർത്തി കുറിക്കപ്പെടാത്തവനായി എല്ലാത്തിലും ഇല്ലേ? നാം പറയും, സ്വർഗ്ഗസ്ഥനായ എന്ന് അവൻ പറയുമ്പോൾ ദൈവം അവിടെ പരിമിതനാണെന്ന് ഉദ്ദേശിക്കുന്നില്ല. എന്നാലോ അവൻ പ്രാർത്ഥിക്കുന്നവരുടെ മനസ്സിനെ ഭൂമിയിൽ നിന്നും ഭൂമി സംബന്ധമായവയിൽ നിന്നും മാറ്റി അവയെ ഉന്നതങ്ങളിലേക്ക് കയറ്റി സ്വർഗ്ഗത്തിലേക്കും സ്വർഗ്ഗീയമായവയിലേക്കും തിരിക്കുന്നു. മറ്റൊരിടത്ത് അവൻ പറഞ്ഞതുപോലെ ഭൂമിയിലുള്ളവരെ നിങ്ങൾ പിതാവെന്ന് വിളിക്കരുത് നിങ്ങൾക്ക് ഒരു പിതാവേ ഉള്ളൂ അത് സ്വർഗ്ഗത്തിലാണ് (മത്താ 23:9). ഇവിടെ ഈ ഉപദേശത്തിന്റെ ഉദ്ദേശം എന്തെന്നാൽ നമ്മുടെ വിചാരങ്ങൾ മേലുള്ളവയെക്കുറിച്ച് ആയിരിക്കണം എന്നാണ്. ശ്ലീഹായും ഇപ്രകാരം പറയുന്നു ഉയരത്തിലുള്ളവയെ അന്വേഷിക്കണം ഉയരത്തിലുള്ളവയേക്കുറിച്ച് ചിന്തിക്കണം ഭൂമി സംബന്ധമായവയേക്കുറിച്ച് ആകരുത് (കൊലോ 3:1,2).

നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ: അതായത്, നാം നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ എന്ന് പ്രാർത്ഥിക്കുന്നതിന് മുമ്പ് അവന്റെ നാമം പരിശുദ്ധമല്ലായിരുന്നോ? നാം പറയും, അവന്റെ നാമം പരിശുദ്ധമായിരുന്നു പരിശുദ്ധമാകുകയും ചെയ്യുന്നു പരിശുദ്ധത നൽകുന്നവനും ആകുന്നു. ഇവിടെ നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ എന്നാൽ നിന്റെ നാമം ഞങ്ങളുടെ ഹൃദയങ്ങളിൽ വിശുദ്ധീകരിക്കേണമേ എന്നാണ്. എന്നാൽ എന്ത് ഗുണമാണ് ഇതിന് എന്ന് ഒരു പക്ഷേ ചിലർ ചോദിക്കും. ഞങ്ങൾ പറയും വളരെ ഉണ്ട്. അവൻ പരിശുദ്ധനാണെന്നും അവന്റെ നാമവും പരിശുദ്ധമാണെന്നും ഞങ്ങൾ ചിന്തിക്കുമ്പോൾ നാം വിശുദ്ധരാകാതെ അവന്റെ മക്കളായി തീരുവാൻ കഴിയുകയില്ല. എന്നാൽ ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ (നിങ്ങളും) വിശുദ്ധരായിരിപ്പിൻ (ലേവ്യ 11:25) എന്ന് അവൻ അരുളിച്ചെയ്തതുപോലെ നാം വിശുദ്ധരായിത്തീരണം.

വീണ്ടും, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ. അതായത്, സ്രോപ്പേന്മാർ വാഴ്ത്തി പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്നിത്യാദി പറഞ്ഞതുപോലെ ഞങ്ങളുടെ മനസ്സുകളിലും നാവുകളിലും അധരങ്ങളിലും വായ്കളിലും നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ എന്നാണ്.

വീണ്ടും, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ: അതായത് വിശുദ്ധീകരിക്കപ്പെടണമേ എന്നാൽ വാഴ്ത്തപ്പെടണമേ എന്നാണ്. അതുകൊണ്ടാണ് നാം അവനോട് നല്ലതും ഗുണമുള്ളതുമായ കാര്യങ്ങളെ പ്രവർത്തിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ എന്നിപ്രകാരം പ്രാർത്ഥിക്കുന്നത്. അതുമൂലം മനുഷ്യർ ഞങ്ങളെ കാണുമ്പോൾ അവർ ഞങ്ങളെ പ്രതി ദൈവത്തേ സ്തുതിക്കണം. അങ്ങനെ അവർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടിട്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ അവർ മഹത്വപ്പെടുത്തണം (മത്തായി 5:16). അതുകൊണ്ട് നാം തിന്മയായതും ദുഷിച്ചതുമായ സ്വഭാവങ്ങൾ വളർത്തരുത്. ഇങ്ങനെയുള്ള അവരുടെ വിശ്വാസം ആവശ്യമോ എന്ന് അവർ നമ്മെ കണ്ട് ചോദിക്കും. ദൈവം പ്രവാചകൻ മുഖാന്തിരം പറഞ്ഞതുപോലെ, നിങ്ങൾ മുഖാന്തിരം എന്റെ നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു (യെശ. 52:5, റോമർ 2:24).

വീണ്ടും ഇപ്രകാരം, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ: അതായത്, അവൻ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചത് വിശ്വാസികളാലും അവിശ്വാസികളാലും നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ എന്നാണ്. അതായത് ഇതുമൂലം അവർ സുവിശേഷ വായനയിലേക്ക് ആകൃഷ്ടരായി നിന്റെ നാമത്തിലേക്കും നിന്നിലുള്ള വിശ്വാസത്തിലേക്കും കൊണ്ടുവരപ്പെടണം. ഇക്കാര്യത്തിൽ ശ്ലീഹന്മാർ പുത്രനോടും പരിശുദ്ധ റൂഹായോടും, അഥവാ പാറക്കലീത്ത അതായത് ജനത്തിനുവേണ്ടി അപേക്ഷിക്കുന്നവനോടും സാദൃശ്യപ്പെടുന്നു.

നിന്റെ രാജ്യം വരേണമേ: അതായത്, നിന്റെ രാജ്യം വന്ന് പൈശാചിക ചിന്തകളാലും നിഷിദ്ധങ്ങളായ ആലോചനകളാലും ഞങ്ങളുടെ മേൽ വാഴുവാൻ ആഗ്രഹിക്കുന്ന ആകൽക്കറുസായിൽ നിന്ന് നീ ഞങ്ങളെ വിടുവിക്കേണമേ. നീ വിളിക്കുന്നത് അവൻ കേൾക്കുമ്പോൾത്തന്നെ ഗബ്രിയേലും മീഖായേലും നൂന്റെ പുത്രനായ യോശുവായുടെ അടുക്കലേക്ക് എന്നപോലെ മാലാ



ഖമാരല്ല നിന്റെ അടുക്കലേക്ക് വരുന്നത്, എന്നാലോ ദൈവം തന്നെയാണ്. നിന്റെ രാജ്യം വരണമേ: അവനിൽ നിന്ന് ഞങ്ങളെ വിടുവിക്കണമേ എന്ന് നീ പറയുന്നത് (അവൻ കേൾക്കുന്ന) ഉടൻതന്നെ അവൻ ഓടിപ്പോകുകയും അതോടുകൂടെ സകല കഷ്ടതകളും ദുഖങ്ങളും (ഇല്ലാതാകും).

വീണ്ടും, നിന്റെ രാജ്യം വരേണമേ: എന്നാൽ നാം പ്രതീക്ഷിക്കുകയും കാത്തിരിക്കുകയും ചെയ്യുന്നത് മിശിഹായുടെ വരവോടുകൂടെ വെളിവാകും. അവന്റെ രാജ്യം വരേണമേ എന്ന് നാം പ്രാർത്ഥിക്കുന്നതു മൂലം എന്തു ഗുണമാണ് നമുക്കുള്ളത് എന്ന് ചിലപ്പോൾ ചിലർ ചോദിച്ചേക്കാം. വളരെയുണ്ടെന്ന് നാം പറയും, ഒന്ന്, നാം ശ്രദ്ധയില്ലാതെ ജീവിക്കരുത് എന്നാലോ ശ്രദ്ധാപൂർവ്വം സുകൃത ജീവിതം നയിക്കണം. രണ്ട്, വിശുദ്ധരും നല്ലവരും ആയവർ എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ കർത്താവിന്റെ സന്തോഷത്തിൽ പ്രവേശിക്കുവിൻ എന്നിത്യാദി (മത്തായി 25:30) തങ്ങളുടെ പ്രതിഫലം സ്വീകരിക്കുവാനായി അവന്റെ വരവിനായി കാത്തിരിക്കുന്നു. മൂന്ന്, അവർ ഭൗമികമായ കാര്യങ്ങളിൽ ബന്ധിക്കപ്പെട്ടിട്ടില്ലാത്തതിനാലും വരുവാനിരിക്കുന്നവയ്ക്കു വേണ്ടി നോക്കിപ്പാർക്കുന്നതിനാലും ഇത് യഥാർത്ഥ പുത്രന്മാർക്ക് ചേർന്നതാണ്. അപ്പോസ്തോലൻ പറഞ്ഞതുപോലെ ജീവന്റെ ആദ്യഫലമായ ഞങ്ങൾ ശരീരത്തിന്റെ വീണ്ടെടുപ്പിനും പുത്രസ്വീകാരത്തിനുമായി ഞങ്ങളുടെ ഉള്ളിൽ ഞരങ്ങിക്കൊണ്ട് കാത്തിരിക്കുന്നു (റോമർ 8:24).

വീണ്ടും, നിന്റെ രാജ്യം വരേണമെ: അതായത്, പരിശുദ്ധാത്മാവിന്റെ സഹായത്തിനും താങ്ങിനുമായി അവൻ (ദൈവ) രാജ്യത്തെ വിളിക്കുന്നു. പരിശുദ്ധാത്മാവിന്റെ സഹായം ലഭിക്കുന്നതിന് പിതാവാം ദൈവത്തോട് അവർ പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്നു. കാരണം പരീക്ഷകൾ വളരെ വേഗം നിങ്ങളുടെ മേൽ വരുന്നു പോരാട്ടങ്ങൾ നിനക്കെതിരെ നിൽക്കുന്നു.

(തുടരും)



മുൻ മന്ത്രി പി. ജെ. ജോസെഫിന്റെ ഭാര്യ ഡോ. ശാന്തയുടെ സംസ്കാര ശുശ്രൂഷയിൽ യൂഹാനോൻ മാർ ക്രിസോസ്റ്റമോസും സഖറിയാ മാർ സേവേറിയോസും പങ്കെടുത്ത് റീത്തു സമർപ്പിച്ച് മലങ്കര ഓർത്തഡോക്സ് സഭയുടെ അനുശോചനം രേഖപ്പെടുത്തി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

പ്രാർത്ഥിക്കുമ്പോൾ എന്തിനാണ് കിഴക്കോട്ടു തിരിഞ്ഞു നിൽക്കുന്നത്?

ഫാ. ഡോ. കെ. എം. ജോർജ്

എന്തിനാണ് കിഴക്കോട്ടു തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കുന്നത്? ഏതു ദിശയിലേക്ക് നോക്കിക്കൊണ്ടും പ്രാർത്ഥിച്ചുകൂടെ? ദൈവസാന്നിദ്ധ്യം എല്ലായിടത്തും ഉണ്ട്, എവിടെ നിന്നായാലും ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുകയും ചെയ്യും. അങ്ങനെയെങ്കിൽ ഒരു പ്രത്യേക ദിശയിലേക്കു മാത്രം തിരിഞ്ഞുകൊണ്ട് പ്രാർത്ഥന നടത്തേണ്ട ആവശ്യം ഉണ്ടോ? വിശുദ്ധ നഗരമായ യെരുശലേമിനു പുറത്ത് എവിടെ താമസിക്കുമ്പോഴും യഹൂദർ പരമ്പരാഗതമായി യെരുശലേം നഗരത്തിലേക്ക് ദൃഷ്ടി പതിപ്പിച്ചുകൊണ്ടു മാത്രമാണ് പ്രാർത്ഥന നടത്തുന്നത്. മുസ്ലീങ്ങളുടെ രീതിയും വ്യത്യസ്തമല്ല; ലോകത്ത് എവിടെ ആയിരുന്നാലും അവരുടെ നിർദ്ദിഷ്ട സമയങ്ങളിൽ പ്രാർത്ഥന നടത്തുന്നത് സൗദി അറേബ്യയിലെ മെക്ക നഗരത്തിൽ സ്ഥിതിചെയ്യുന്ന ‘കാ’അബാ’ എന്ന് അറിയപ്പെടുന്ന “കറുത്ത പാറ”യുടെ ദിശയിലേക്ക് തിരിഞ്ഞാണ്. ക്രൈസ്തവരാകട്ടെ, ആദിമകാലം മുതൽ തന്നെ കൂട്ടായ പരസ്യ പ്രാർത്ഥന (Public worship) നടത്തുവാൻ ഉദയസൂര്യന്റെ ദിശയിലേക്ക് തിരിഞ്ഞുനിൽക്കുന്നു. പൗരസ്ത്യ (ഓർത്തഡോക്സ്) സഭകൾ ഇന്നും ഇത് അഭംഗുരം നിലനിർത്തിപോരുന്നു.

ക്രൈസ്തവ സഭയിൽ ഒരു വ്യക്തിയുടെ സ്വകാര്യ പ്രാർത്ഥനയും സമൂഹം ഒന്നായി നടത്തുന്ന പൊതുപരസ്യ പ്രാർത്ഥനയും തമ്മിൽ വ്യത്യാസം കൽപ്പിക്കുന്നുണ്ട്. ഒരു വ്യക്തിക്ക് ഏതു സമയത്തും ഏതു ശാരീരികനിലയിലും ഏതു ദിശയിലേക്കു തിരിഞ്ഞും പ്രാർത്ഥന നടത്തുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്. വാസ്തവത്തിൽ, ‘നിരന്തരമായ പ്രാർത്ഥന’ ക്രിസ്തുവും അപ്പോസ്തോലന്മാരും പ്രോത്സാഹിപ്പിച്ചിരുന്നു. കുളിക്കുമ്പോഴും കളിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും എല്ലാം ഒരാൾക്ക് പ്രാർത്ഥിക്കാം. ദിവസം മുഴുവനും ഒരുവന് പ്രാർത്ഥനയുടെ മനോനിലയിൽ തന്നെ കഴിയാവുന്നതാണ്. ഈ രീതിയിൽ ‘നിരന്തരമായ പ്രാർത്ഥന’യിൽ മുഴുകുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം പ്രാർത്ഥനയ്ക്ക് പ്രത്യേക രീതികളോ ക്രമങ്ങളോ ബാധകമല്ല. പൂർണമായും മൗനത്തിലോ സ്വന്തതാൽപര്യപ്രകാരമുള്ള വാക്കുകളിലോ പ്രസിദ്ധമായ ‘യേശുനാമ പ്രാർത്ഥന’ (Jesus prayer) യിലൂടെയോ ഒരുവന് ‘നിരന്തരമായ പ്രാർത്ഥന’യിൽ മുഴുകാവുന്നതാണ്. ഇങ്ങനെയുള്ള നിരന്തര പ്രാർത്ഥനയിൽ വ്യാപരിക്കുമ്പോൾ ബോധമനസ്സിന്റെ ശ്രദ്ധപോലും ആവശ്യമായി വരുന്നതേയില്ല.

എന്നാൽ പൊതുവായ പ്രാർത്ഥന (Public worship) അതിന്റെ രീതിയിലും ശൈലിയിലും വ്യത്യസ്തമാണ്. അത് ഒരു സമൂഹപ്രാർത്ഥനയാണ്; ഒരൊറ്റ ശരീരം എന്ന നിലയിൽ വിശ്വാസികളുടെ സജീവ കൂട്ടായ്മയാണ് അത്. ഇവിടെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയാണ് പ്രകടമാകുന്നത്. അത് ഒരു താൽക്കാലിക സമൂഹം അല്ല; അപ്പോസ്തോലന്മാരുടെ കാലം മുതൽ വിഘ്നം കൂടാതെ നടന്നുകൊണ്ടിരിക്കുന്ന, ത്രീയേക ദൈവസന്നിധിയിൽ സമർപ്പിതമാകുന്ന ആരാധനയാണ് അത്. ഈ രീതിയിലുള്ള പൊതു ആരാധനയ്ക്ക് ഏറ്റവും നല്ല ഉദാഹരണമാണ് വിശുദ്ധ കുർബാന അഥവാ വിശുദ്ധ ബലിയർപ്പണം. പൊതു ആരാധനകളിലും നാം കിഴക്കോട്ട്, ഉദയസൂര്യന്റെ ദിശയിലേക്ക് തിരിഞ്ഞു നിൽക്കുന്നു.

ക്രിസ്തുവിന്റെ അപ്പോസ്തോലന്മാർ എല്ലാവരും യഹൂദർ ആയിരുന്നു. പാലസ്തീൻ പ്രദേശത്ത് ഉണ്ടായിരുന്ന ആദിമ ശിഷ്യഗണവും ഏറിയപങ്കും യഹൂദർ തന്നെയായിരുന്നു. യഹൂദസമൂഹത്തിന്റെ പ്രാർത്ഥനാരീതികൾ തന്നെ ഇവർ തുടർന്നുപോന്നു. എങ്കിലും, താമസംവിനാ, തങ്ങളുടെ രക്ഷകനായ ക്രിസ്തുവിനെ സംബോധന ചെയ്ത് പ്രാർത്ഥനകൾ രൂപപ്പെടുത്തുവാൻ ആദിമക്രൈസ്തവ സമൂഹത്തിന് സാധ്യമായി.



പ്രാർത്ഥനയ്ക്ക് കിഴക്കോട്ടു തിരിഞ്ഞു നിൽക്കണം എന്ന ക്രിസ്തുകേന്ദ്രീകൃതമായ വേദപുസ്തകാധിഷ്ഠിത സഭാപാരമ്പര്യം ഓർത്തഡോക്സ് സഭയുടെ സമ്പന്നമായ പൈതൃകത്തിന്റെ ഭാഗമാണ്. നമ്മുടെ ദൈവാലയങ്ങൾ പണിയപ്പെടുന്നത് കിഴക്കുപടിഞ്ഞാറ് ദിശയിൽ മാത്രമാണ്. ആരാധനാസമൂഹം മുഴുവനായി വൈദികനോടു ചേർന്ന് കിഴക്കോട്ടു തിരിഞ്ഞ് പറുദീസായിലെ സൃഷ്ടി മുതൽ നാളിതുവരെ നമുക്ക് അനുഭവിച്ചിരിക്കുന്ന സർവ്വതിന്റെയും പൂർത്തീകരണം ക്രിസ്തുവിന്റെ രണ്ടാമത്തെ വരവോടുകൂടി സാക്ഷാൽക്കരിക്കപ്പെടുന്നതിനെ ഓർത്ത് ധ്യാനിക്കുന്നു.

ആദിമ ക്രൈസ്തവ സഭയിൽ രൂപപ്പെട്ടുവന്ന പുതിയ ആദ്ധ്യാത്മികത കാരണമായിരിക്കാം ഭൗതിക പ്രാധാന്യമുള്ള യെരുശലേം മുതലായ സ്ഥലങ്ങൾ ക്രിസ്ത്യാനികൾക്ക് അപ്രധാനമായി. അവരുടെ ആത്മീയത ‘സ്വർഗ്ഗീയ യെരുശലേം’ കേന്ദ്രീകരിച്ച് രൂപപ്പെടുകയായിരുന്നു. ദൈവരാജ്യം എന്ന ആത്മിക നഗരത്തിൽ പൗരന്മാരാകുക എന്നതായി അവരുടെ മുൻഗണന. ലോകത്തിലുള്ള സർവ്വ പ്രദേശങ്ങളും അവരെ സംബന്ധിച്ചിടത്തോളം ഒരുപോലെയായിരുന്നു. ഒരു പ്രദേശത്തിനും സവിശേഷമായ പ്രത്യേക വിശുദ്ധി ഇല്ല എന്ന നിലപാടിൽ അവർ എത്തിച്ചേർന്നു. അങ്ങനെ ആദിമ ക്രൈസ്തവ സമൂഹം പാലസ്തീനിലെ യെരുശലേം നഗരത്തോട് യഹൂദജനതയ്ക്കുണ്ടായിരുന്ന വിശേഷ പ്രതിപത്തിയിൽ നിന്ന് ക്രമേണ വേർപിരിഞ്ഞു. അതേസമയം, ക്രൈസ്തവ ആരാധനാരീതിയിൽ ഒരു പുത്തൻ ദിശാബോധം രൂപംകൊള്ളുകയും ചെയ്തു; ഉദയസൂര്യന്റെ ദിശയിലേക്ക് തിരിഞ്ഞ് ആരാധന നടത്തുക എന്ന ഒരു ബോദ്ധ്യം ഇതോടെ നിലവിൽ വന്നു.

ആരാധനാവേളകളിൽ കിഴക്കോട്ടു തിരിഞ്ഞു നിൽക്കുവാൻ ക്രൈസ്തവ സമൂഹം ഉത്സുകമായതിനു പിന്നിൽ ശക്തമായ വേദപുസ്തക അടിസ്ഥാനം കാണുവാൻ സാധിക്കും.

1. ഉൽപ്പത്തി പുസ്തകം ആദ്യ സൃഷ്ടിയെ വർണ്ണിക്കുന്നത് ഇങ്ങനെ: “അനന്തരം യഹോവയായ ദൈവം കിഴക്ക് ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി” (ഉല്പത്തി 2:8). പിന്നീട്, ദൈവകല്പനകളോടുള്ള അവരുടെ നിസ്സഹകരണം കാരണം അവർ കിഴക്കുഭാഗത്തുള്ള

ഏദൻതോട്ടത്തിൽ നിന്ന് പുറത്താക്കപ്പെട്ടു. ഈ സംഭവത്തെ കുറിച്ചുള്ള ക്രൈസ്തവ വ്യാഖ്യാനം അനുസരിച്ച് ആദിമാതാപിതാക്കളുടെ പുറത്താക്കൽ പറുദീസായുടെ കിഴക്കേ വാതിൽവഴി ആയിരുന്നു എന്നതിനാൽ ആദിമാതാ പിതാക്കളായ ആദത്തിന്റെയും ഹവ്വയുടെയും മക്കൾ നഷ്ടപ്പെട്ട തങ്ങളുടെ ഭവനത്തെയോർത്ത് ആത്മാവിൽ വേദനപ്പെട്ട് കിഴക്കുദിശയിലേക്ക് നോക്കിക്കൊണ്ട് കഴിയുകയാണ്. വീണ്ടെടുപ്പ് അഥവാ രക്ഷ തങ്ങളുടെ ആദിഭവനത്തിലേക്കുള്ള മടക്കം എന്ന നിലയിൽ മനസ്സിലാക്കുന്നു.

2. മശിഹാ (ക്രിസ്തു) എന്ന നിലയിൽ യേശുവിന്റെ ആഗമനത്തെ ആലങ്കാരികമായും പ്രതീകാത്മകമായും ആണ് ദീർഘദർശിമാർ പ്രവചിച്ചിരിക്കുന്നത്. ഈ പ്രവചനങ്ങൾ നസ്രേത്തിലെ യേശുവിൽ സാക്ഷാൽക്കരിച്ചിരിക്കുന്നതായി പുതിയനിയമ രചയിതാക്കൾ വ്യാഖ്യാനിക്കുന്നു. ഉദാഹരണത്തിന് മലാഖിയുടെ പ്രവചനം: "എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും" (4:2). ആയതിനാൽ കിഴക്കുദിശയിലേക്കുള്ള നമ്മുടെ നോട്ടം രോഗശാന്തിയുടെയും രക്ഷയുടെയും ഉറവിടമായ ക്രിസ്തുവിന്റെ വരവിനെ പ്രതീക്ഷിക്കുന്ന തീക്ഷ്ണമായ കാത്തിരിപ്പിന്റെ സൂചനയാണ്.

3. യേശു അരുൾ ചെയ്തു: "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചം ഉള്ളവൻ ആകും" (യോഹ. 8:12). ജീവന്റെ ഉറവിടം പ്രകാശമാണ്. നാം ജീവിക്കുന്ന ഭൂമിയിൽ എല്ലാവിധ ജീവനും സൂര്യന്റെ പ്രകാശത്തെ ആശ്രയിക്കുന്നു. എന്നാൽ സൗരയൂഥത്തിലെ ഭൗതിക സൂര്യൻ സസ്യജാലങ്ങളുടെയും മൃഗങ്ങളുടെയും മനുഷ്യരുടെയും ഭൗതികതല ജീവനെ മാത്രം ആണ് സംരക്ഷിക്കുന്നത്. ഈ ജീവൻ മരണത്തിന് വിധേയപ്പെട്ടിരിക്കുന്നു. ഒരു നക്ഷത്രം എന്ന നിലയിൽ സൂര്യനും ഒരുനാൾ നാമാവശേഷമായി തീരും. ആത്മിക മാനങ്ങളിൽ മനസ്സിലാക്കുമ്പോൾ യേശു ആണ് എന്നാളും നിലനിൽക്കുന്ന സൂര്യൻ. അവനാണ് ജീവന്റെ ഉറവിടവും പരിപാലകനും; അവന്റെ പരിരക്ഷ ഒരേസമയം ജീവശാസ്ത്രപരവും ആത്മികവും ആണ്. അവൻ "ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം" (യോഹന്നാൻ 1:9) ആകുന്നു. ആയതിനാൽ പ്രതീകാത്മകമെന്നോണം ഉദയസൂര്യന്റെ ദിശയിലേക്ക് ശ്രദ്ധപതിപ്പിച്ചുകൊണ്ട് ഉത്ഥിതനായ ക്രിസ്തുവിന്റെ പ്രകാശം സ്വീകരിക്കുന്നു. ക്രിസ്തു "ശുഭ്രമായ ഉദയനക്ഷത്രം" (വെളിപാട് 22:16) എന്നും വിളിക്കപ്പെടുന്നു. ദൈവരാജ്യത്തിന്റെ നവയുഗത്തിന് അവൻ തുടക്കം കുറിച്ചു കഴിഞ്ഞിരിക്കുന്നു. പ്രകാശം ഉദിക്കുമ്പോൾ കിഴക്കേ ചക്രവാളം അതിമനോഹരമായ നിറങ്ങളാൽ പ്രകാശിതമാകുന്നു; കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ട് ത്രിയേക ദൈവത്തെ സ്തുതിക്കുമ്പോൾ ദിവ്യപ്രകാശത്തിന്റെ മനോഹാരിതയും തേജസ്സും നമ്മൾ അനുഭവിക്കുന്നു.

4. പിന്നീട് ക്രൈസ്തവ പാരമ്പര്യത്തിൽ രൂപപ്പെട്ടുവന്ന ഒരു വിശ്വാസമനുസരിച്ച് ക്രിസ്തു വീണ്ടും വരുന്നത് കിഴക്കു നിന്നും ആയിരിക്കും. ഈ പാരമ്പര്യത്തിന്റെ അടിസ്ഥാനം വി. മത്തായി 24:27 സുവിശേഷഭാഗമാണ്: "മിന്നൽ കിഴക്കുനിന്നു പുറപ്പെട്ട് പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രന്റെ വരവ് ആകും." അതായത്, കിഴക്കോട്ടു തിരിയുന്നത് അന്തിമ ന്യായവിധിക്കായി വരുന്ന ക്രിസ്തുവിനെ എതിരേൽക്കുവാനുള്ള ഒരുക്കത്തിന്റെ ഭാഗമായിട്ടാണ്. അങ്ങനെ ആത്മീയ ഉണർവിന്റെ പ്രതീകമായി കിഴക്ക് കരുതപ്പെട്ടുപോരുന്നു; നമ്മുടെ ജീവിതത്തിന്റെ കണക്കുകൾ ബോധിപ്പിക്കുവാൻ നാം തയാറാകുന്നു, ക്രിസ്തുവിൽ സകല സൃഷ്ടിയും രൂപാന്തരം പ്രാപിക്കും എന്ന പ്രത്യാശയിൽ നാം ഉറയ്ക്കുന്നു.

പ്രാർത്ഥനയ്ക്ക് കിഴക്കോട്ടു തിരിഞ്ഞു നിൽക്കണം എന്നത് ക്രിസ്തുകേന്ദ്രീകൃതവും വേദപുസ്തകാധിഷ്ഠിതവുമായ ഓർത്തഡോക്സ് സഭാപാരമ്പര്യത്തിന്റെ ഭാഗമാണ്. ക്രിസ്തു തന്നെ സഭാശരീരത്തിന്റെ തലയായി പിതാവാം ദൈവത്തിങ്കലേക്ക് തിരിയുന്നു. നമ്മുടെ ദൈവാലയങ്ങൾ പണിയപ്പെടുന്നത് കിഴക്കുപടിഞ്ഞാറ് ദിശയിൽ മാത്രമാണ്. ആരാധനാസമൂഹം മുഴുവനായി വൈദികനോടു ചേർന്ന് കിഴക്കോട്ടു തിരിഞ്ഞ് പറുദീസായിലെ സൃഷ്ടി മുതൽ നാളിതുവരെ നമുക്ക് അനുഭവിച്ചിരിക്കുന്ന സർവ്വതിനുംവേണ്ടി ദൈവസന്നിധിയിൽ നന്ദി അർപ്പിക്കുന്നു. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവോടുകൂടി സാക്ഷാൽക്കരിക്കപ്പെടുന്നതിനെ ഓർത്ത് ധ്യാനിക്കുന്നു. വാങ്ങിപ്പോയിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ട വിശ്വാസികളെ സംസ്കരിച്ചിരിക്കുന്നത് കിഴക്കു തിരിഞ്ഞു ക്രിസ്തുവിന്റെ വരവിൽ മുഖാമുഖം കാണത്തക്കവണ്ണമാണല്ലോ.




കിഴക്കോട്ടു തിരിയുന്നത് ഒരു പ്രതീകാത്മക പ്രവൃത്തി മാത്രമാണ്. കിഴക്ക്, പടിഞ്ഞാറ്, തെക്ക്, വടക്ക് എന്നൊക്കെയുള്ള പ്രയോഗങ്ങൾ ആപേക്ഷികമാണല്ലോ. ബഹിരാകാശയാത്ര ചെയ്യുന്നവർക്ക് ഈ തരം തിരിവുകളൊന്നും പ്രസക്തമല്ലല്ലോ. എന്നാൽ ക്രൈസ്തവ പാരമ്പര്യത്തിൽ കിഴക്ക് എന്നത് ഏറ്റവും മനോഹരമായ ഒരു ആത്മീയ പ്രതീകം തന്നെയാണ്. പ്രത്യേക സാഹചര്യത്തിൽ മറ്റെവിടെയെങ്കിലും ആരാധന നടത്തുമ്പോൾ കിഴക്കോട്ട് തിരിഞ്ഞു നിൽക്കുന്നതിൽ പ്രായോഗിക വൈഷമ്യങ്ങൾ ഉള്ളപക്ഷം ഉചിതമായ ദിശയിലേക്കു തിരിയുവാൻ നമുക്ക് സ്വാതന്ത്ര്യം ഉണ്ട്. കിഴക്കിനെക്കുറിച്ചുള്ള ചിന്തകൾ നമ്മുടെ വേദനകളിലും പ്രയാസങ്ങളിലും ആത്മീയ ജീവിതരീതിയിലും ദിശാബോധം നൽകുന്നു. ഏതായാലും നാം ഒരു സമൂഹമായി കിഴക്കോട്ട് തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കുക എന്ന പുരാതന പാരമ്പര്യം അതിന്റെ ശരിയായ അർത്ഥത്തിൽ കാത്തുസൂക്ഷിക്കുന്നത് നല്ലതു തന്നെ.

(ഇംഗ്ലീഷ് ലേഖനത്തിന്റെ മലയാള പരിഭാഷ.
പരിഭാഷകൻ: ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ)

ലേഖനം

ഷെബാലി അച്ചനും ഓർത്തഡോക്സ് ഹെറാൾഡും: ചില ഓർമ്മകൾ

ജോയ്സ് തോട്ടയ്ക്കാട്



ഓർത്തഡോക്സ് യൂത്ത് മാസികയുടെ സബ് എഡിറ്റർ

സാഹിത്യ രചനയിലുള്ള കഴിവു മൂലം സെമിനാരി വിദ്യാഭ്യാസത്തിനു (1977-1981) ശേഷം 1981-ൽ ഓർത്തഡോക്സ് യൂത്ത് മാസികയുടെ സബ് എഡിറ്റർ ചുമതലയിൽ ഷെബാലി ശെമ്മാശൻ നിയമിതനായി. കവിയും ചിത്രകാരനും ദൈവശാസ്ത്രജ്ഞനുമായ ഡോ. കെ. എം. ജോർജ് അച്ചനായിരുന്നു ഓർത്തഡോക്സ് യൂത്ത് മാസികയുടെ പത്രാധിപർ. ഷെബാലി ശെമ്മാശന്റെ വരവോടെ യൂത്ത് മാസികയുടെ കെട്ടുമട്ടും മാറി. ഓഫ്സെറ്റ് പ്രിന്റിംഗൊന്നും വന്നിട്ടില്ലാത്ത അക്കാലത്ത് ട്രെഡിൽ പ്രസ്സിൽ അച്ചു നിരത്തി ഇറക്കിയ ആലക്കങ്ങൾ ഡിസൈൻ, കാർട്ടൂൺ, കവിത, കഥ തുടങ്ങിയവയുടെ മികവുകൊണ്ട് ശ്രദ്ധേയമായി. യുവത്വത്തിന്റെ പ്രതികരണശേഷി പത്രാധിപകുറിപ്പുകളിലും ലേഖനങ്ങളിലും വിമർശനശരങ്ങളായി വന്നപ്പോൾ സഭാനേതൃത്വം തന്നെ അസ്വസ്ഥരായി. സഭാ മാനേജിംഗ് കമ്മിറ്റിയെ വിമർശിച്ചുകൊണ്ട് പത്രാധിപർ എഴുതിയ എഡിറ്റോറിയൽ വലിയ കോളിളക്കം തന്നെ സൃഷ്ടിച്ചു. ലേഖനം എഴുതാനുണ്ടായ സാഹചര്യവും വിമർശനത്തിന്റെ അടിസ്ഥാനമെന്താണെന്നും വിശദീകരിച്ച് അടുത്ത ലക്കത്തിൽ എഡിറ്റോറിയൽ എഴുതിയതല്ലാതെ ക്ഷമ പറഞ്ഞു തടിയൂരാൻ പത്രാധിപ സമിതി തയ്യാറായില്ല.



മുന്തിരി ചിത്രകഥ

മുന്തിരി ചിത്രകഥാ പരമ്പരയുടെ പ്രസിദ്ധീകരണത്തോടെയാണ് ഫാ. ഷേബാലിയുടെ പ്രസിദ്ധീകരണ രംഗത്തെ അരങ്ങേറ്റമെന്നു തോന്നുന്നു. അദ്ദേഹവും സുഹൃത്തുക്കളായ ചില വൈദികരും ചേർന്ന് മുന്തിരി ചിത്രകഥ എന്ന പേരിൽ ബൈബിൾ കഥകൾ ചിത്രകഥകളായി പ്രസിദ്ധീകരിച്ചു തുടങ്ങി. ഫാ. കെ. ഇ. വർക്കി ആയിരുന്നു പ്രസാധകൻ. യേശുക്രിസ്തു, ജൂഡിത്ത്, അബ്ശാലോം തുടങ്ങി ആറ് ചിത്രകഥകളിറങ്ങിയതോടെ സാമ്പത്തിക പ്രയാസങ്ങളിൽ പെട്ടതു മൂലമാവാം ആ പ്രസ്ഥാനം നിർത്തേണ്ടി വന്നു.

ഒ.വി.ബി.എസ്. പുസ്തകങ്ങൾ

വെക്കേഷൻ ബൈബിൾ സ്കൂൾ എന്ന പേരിൽ പ്രൊട്ടസ്റ്റന്റുകാർ നടത്തിയിരുന്ന അവധിക്കാലത്തെ പഠന കോഴ്സിന്റെ പുസ്തകങ്ങളും മറ്റ് സാധനങ്ങളും വാങ്ങി ഉപയോഗിച്ചുകൊണ്ടാണ് നമ്മുടെ സഭയിൽ വി.ബി.എസ്. 1970-കളിൽ ആരംഭിച്ചത്. അത് പിന്നീട് ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ എന്ന പേരിൽ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രധാന ചുമതലയിൽ ആരംഭിച്ചപ്പോൾ പുസ്തകങ്ങളും മറ്റും തയ്യാറാക്കാൻ ഏല്പിച്ചത് ഷെബാലി അച്ചനെയും സുഹൃത്തുക്കളെയുമാണ്.



മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

ഷെബാലി ശെമ്മാശനെ ഇതിനകം പ. മാത്യൂസ് പ്രഥമൻ ബാവാ ശ്രദ്ധിച്ചിരുന്നു. "സഭാ വാർത്തകൾ പ്രസിദ്ധീകരിക്കാൻ നമുക്കും ഒരു പ്രതിവാര പ്രസിദ്ധീകരണം വേണ്ടേ" എന്നു ഷെബാലി ശെമ്മാശൻ ചോദിച്ചതോടെയാണ് സഭാ വാർത്തകൾ പ്രസിദ്ധീകരിക്കുന്ന ഒരു പ്രതിവാര പത്രം പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച ആലോചനകൾ ആരംഭിച്ചത്. കെ. എം. തരകൻ, ഡോ. സാമുവൽ ചന്ദനപ്പള്ളി, പോൾ മണലിൽ തുടങ്ങിയ സഭാംഗങ്ങളായ സാഹിത്യകാരന്മാരെ വരുത്തി ഈ ആശയം ചർച്ച ചെയ്തു. ഡോ. സാമുവൽ ചന്ദനപ്പള്ളിയെ ഹോണററി ചീഫ് എഡിറ്ററാക്കി മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് എന്ന പേരിൽ സഭാ വാർത്തകൾ പ്രസിദ്ധീകരിക്കുന്ന ഒരു പ്രതിവാര പത്രം ആരംഭിക്കുവാൻ തീരുമാനിച്ചു. 1982 സെപ്റ്റംബർ 12-ന് ആദ്യ ലക്കം പ്രസിദ്ധീകരിച്ചു. കാതോലിക്കേറ്റ് സപ്തതി ആഘോഷം വിപുലമായി കോട്ടയത്ത് ആഘോഷിച്ച മഹാസമ്മേളനത്തിൽ ആദ്യ ലക്കം പ്രകാശനം ചെയ്തു. ഷെബാലി അച്ചൻ എഡിറ്ററായി പ്രവർത്തിച്ചു. 1982-ൽ എളിയ നിലയിൽ പ്രവർത്തനം തുടങ്ങിയ ഹെറാൾഡ് വളർന്നതോടെ 1983-ൽ ഫാ. സി. എ. ഐസക്കും (അസോസിയേറ്റ് എഡിറ്റർ) 1985-ൽ ഫാ. രാജു വർഗീസും (മാനേജർ) പ. മാത്യൂസ് പ്രഥമൻ ബാവായുടെ കല്പനപ്രകാരം പ്രവർത്തകരായി എത്തി. ദേവലോകം മാനേജരായിരുന്ന സി. കെ. ജോസഫ് റമ്പാനായിരുന്നു പ്രസാധകൻ.

പ. മാത്യൂസ് പ്രഥമൻ ബാവായുടെ പ്രസംഗങ്ങളും, സഭാ വാർത്തകളും, കഥകളും കവിതകളും നോവലുമൊക്കെ ഹെറാൾഡ് പ്രസിദ്ധപ്പെടുത്തി. സഭാംഗങ്ങളും അല്ലാത്തവരുമായ സാഹിത്യകാരന്മാരുടെ സൃഷ്ടികൾ അതിലൂടെ വെളിച്ചം കണ്ടു. പ്രശസ്ത സാഹിത്യകാരനായ കെ. എം. തരകൻ രചിച്ച

നോവൽ തുടർച്ചയായി പ്രസിദ്ധീകരിച്ചു. ഫാ. ഡോ. ജേക്കബ് ചെറിയാൻ (ഡോ. യാക്കോബ് മാർ ഐറേനിയോസ്) ധ്യാനപംക്തി കൈകാര്യം ചെയ്തു. പ്രൊഫ. കെ. വി. തമ്പി തർജമ ചെയ്ത ക്രിസ്തനുകരണം തുടർച്ചയായി പ്രസിദ്ധീകരിച്ചു. ജോയൻ കുമരകം, പോൾ മണലിൽ തുടങ്ങിയവരുടെ ലേഖനങ്ങളും വൈദികട്രസ്റ്റിയും പ. വട്ടശേരിൽ തിരുമേനിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ഫാ. ജേക്കബ് മണലിലിന്റെ സഭാസ്മരണകളും ഒ. എം. മാത്യു ഒരുവെട്ടിത്തറയുടെ സഭാചരിത്ര ലേഖനങ്ങളും ശ്രദ്ധേയമായിരുന്നു. പ്രൊഫ എൻ. ഐ നൈനാൻ ശൂരനാട് ആരാധനാ ഗാനങ്ങളുടെ അർത്ഥം വിശദീകരിച്ച് 'ആരാധനാഗീത സമീക്ഷ' എന്ന പംക്തി എഴുതി. കല്ലുപുരയ്ക്കൽ പാപ്പച്ചൻ കണ്ടെത്തിയ 'നിരണം ഗ്രന്ഥവരി'യുടെ കൈയെഴുത്തുപ്രതിയിൽ നിന്ന് കുറെയേറെ ഭാഗം പ്രസിദ്ധീകരിച്ചു. ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, എബ്രഹാം സഖറിയാ ചെമ്പകമഠം, എം. കുര്യൻ തോമസ്, തോമസ് നീലാർമഠം, വർഗീസ് ജോൺ തോട്ടപ്പുഴ, ജോയ്സ് തോട്ടയ്ക്കാട്, ജേക്കബ് കൊച്ചേരി, ജോൺ കക്കാട്, ടി. എ. പാലമൂട്, കോന്നിയൂർ എം. എം. പി., അന്തീനാട് ജോസ്, എസ്. ഡി. ചുള്ളിമാനൂർ, ജോർജ് തഴക്കര, പി. സി. ജയിംസ് പാമ്പാടി തുടങ്ങി പലരും ഹെറാൾഡിലൂടെ എഴുതി തെളിഞ്ഞു. ശ്രീപാദം ഈശ്വരൻ നമ്പൂതിരി, തുളസി കോട്ടുക്കൽ തുടങ്ങിയ അക്രൈസ്തവരായ എഴുത്തുകാരുടെ രചനകളും വായിച്ചതോർക്കുന്നു.

മുഖം നോക്കാതെയുള്ള വിമർശനം

സഭാനേതൃത്വത്തിലുള്ളവർക്ക് വഴിതെറ്റുമ്പോൾ മുഖം നോക്കാതെ ഓർത്തഡോക്സ് ഹെറാൾഡ് വിമർശിച്ചു. മാനേജിംഗ് കമ്മിറ്റിയിൽ ഹെറാൾഡിനെക്കുറിച്ച് ചോദ്യവും ഉത്തരവുമൊക്കെയുണ്ടായി. സെക്രട്ടറിയുടെ ബജറ്റിനെപ്പറ്റി 'എംപ്റ്റി ബജറ്റ്' എന്നെഴുതിയതു അസോസിയേഷൻ സെക്രട്ടറി ആയിരുന്ന എം. റ്റി. പോളിനെ ചൊടിപ്പിച്ചു. പുലിക്കോട്ടിൽ രണ്ടാമനു മലയാള മനോരമയിൽ ഉണ്ടായിരുന്ന ഷെയറിനെക്കുറിച്ച് അന്വേഷിച്ചത് അന്ന് വർക്കിംഗ് കമ്മിറ്റിയിലുണ്ടായിരുന്ന കെ. എം. മാത്യുവിന്റെ അനിഷ്ടത്തിനും കാരണമായി.

പുസ്തക പ്രസിദ്ധീകരണം

പ. മാത്യൂസ് പ്രഥമൻ ബാവായുടെ റോം, ഗൾഫ് യാത്രയുടെ വിവരണം 'മരുശ്വാദലങ്ങളിൽ' എന്ന പേരിൽ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ഫാ. സഖറിയാ പേരങ്ങാട്ടിനെക്കൊണ്ട് (പിന്നീട് ഔഗേൻ മാർ ദീവന്നാസ്യോസ്) എഴുതിച്ച് പ്രസിദ്ധീകരിച്ചുകൊണ്ട് മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് പുസ്തക പ്രസിദ്ധീകരണ രംഗത്തേക്കും കടന്നു. പ. മാത്യൂസ് പ്രഥമൻ ബാവാ ചർച്ച് വീക്ക്‌ലിയിൽ എഴുതിയ പ്രഭാഷണങ്ങൾ സമാഹരിച്ച് 1988-ൽ "വചനത്തിന്റെ സുവർണ്ണം" എന്ന പേരിൽ പ്രസിദ്ധീകരിച്ചു.

പ. പരുമല തിരുമേനിയുടെ രണ്ടാമത്തെ ജീവചരിത്രം ഹെറാൾഡ് തുടർലക്കങ്ങളിൽ പ്രസിദ്ധീകരിച്ചു. ആ ഗ്രന്ഥം പ്രസിദ്ധീകരിച്ച ഫാ. ഇ. ജെ. എബ്രഹാം ദേവലോകത്തെ പഴയ അരമനക്കെട്ടിടത്തിൽ ആയിരുന്നു ജീവിത സായാഹ്നത്തിൽ താമസിച്ചിരുന്നത്. പരുമല സെമിനാരി മാനേജരായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം അവിവാഹിതനായിരുന്നു. പരുമല തിരുമേനിയുടെ ജീവചരിത്രത്തിന്റെ പ്രസിദ്ധീകരണാവകാശം ഓർത്തഡോക്സ് ഹെറാൾഡിന് അദ്ദേഹം നൽകുകയും ഹെറാൾഡ് ഈ കൃതിയുടെ പതിനായിരം കോപ്പി പ്രസിദ്ധീകരിച്ച് സൗജന്യവിലയായ 10 രൂപയ്ക്ക് വിതരണം ചെയ്യുകയും ചെയ്തു. സൗജന്യനിരക്കിൽ വിതരണം ചെയ്യാൻ ഒട്ടേറെപ്പേർ ഹെറാൾഡിനെ ചെറിയ തുകകൾ നൽകി സഹായിച്ചിരുന്നതായും ഓർക്കുന്നു.

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ചരമ രജത ജൂബിലി സ്മരണിക പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. ജൂബിലി സ്മരണികകൾ മാസികാരൂപത്തിൽ ഇറക്കിയിരുന്ന കാലത്താണ് അതിൽ നിന്നു വ്യത്യസ്തമായി പുസ്തകരൂപത്തിൽ അത് പ്രസിദ്ധീകരിച്ചത്.

വൈദിക സുഹൃദ് സംഘം

അമേരിക്കയിൽ ജീവിച്ചിരുന്ന ഫാ. പി. സി. ഗീവറുഗീസിന്റെ താല്പര്യത്തിൽ 1990-ൽ രൂപംകൊണ്ട വൈദികരുടെ കൂട്ടായ്മയായ വൈദിക സുഹൃദ് സംഗമത്തിന്റെ പിന്നണിയിലും ഷെബാലി അച്ചൻ പ്രവർത്തിച്ചിരുന്നു. ഈ കൂട്ടായ്മയുടെ ഒരു സമ്മേളനം പരുമല സെമിനാരിയിൽ വച്ച് 1990 ജൂൺ 27 -നു നടന്നു. വിശ്വാസപരമായ ചില ലഘുലേഖകൾ ഈ കൂട്ടായ്മയുടെ പേരിൽ പിന്നീട് പ്രസിദ്ധീകരിക്കുകയും ചെയ്തു. 1980-കളിൽ ആരംഭിച്ച സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘം എന്ന സഭയിലെ വൈദികരുടെ സംഘടനയ്ക്ക് ബദലായി രൂപീകരിച്ചതാണ് വൈദിക സുഹൃദ് സംഗമം എന്ന തെറ്റിദ്ധാരണയിൽ ഈ കൂട്ടായ്മയ്ക്കെതിരെ പരാതികൾ സഭാനേതൃത്വത്തിനു ലഭിച്ചു. സുന്നഹദോസ് ഈ വിഷയം ചർച്ച ചെയ്ത് വൈദികരുടെ സംഘടനയായി സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘം മാത്രം മതി എന്ന തീരുമാനം എടുത്തു. ഷെബാലി അച്ചനും സഭാനേതൃത്വവുമായി അകലുവാൻ ഇതും ഒരു കാരണമായി ഭവിച്ചു.

ഒരു മികച്ച പ്രസിദ്ധീകരണത്തിന്റെ ദയനീയ അന്ത്യം

പ. മാത്യൂസ് പ്രഥമൻ ബാവായുടെ സാമ്പത്തിക പിന്തുണയോടെ നടത്തിവന്ന ഹെറാൾഡ് ബാവായുടെ അവസാന കാലത്ത് പ്രതിസന്ധി നേരിട്ടു. 1989 ഫെബ്രുവരിയിൽ പത്രത്തിന്റെ ചുമതലക്കാർ അക്കാര്യം സുന്നഹദോസിനെ അറിയിച്ചെങ്കിലും സഭാനേതൃത്വത്തിൽ നിന്നു വേണ്ടത്ര പിന്തുണ ലഭിച്ചില്ല. ഇതിനകം സ്വന്തമായി ഒരു ഓട്ടോമാറ്റിക്ക് പ്രസ്സ് വാങ്ങി അതിൽ അച്ചടിക്കുവാൻ ആരംഭിച്ചിരുന്നു. അതിന്റെ ലോൺ അടയ്ക്കലും ബാധ്യതയായി മാറി. പ. മാത്യൂസ് രണ്ടാമൻ ബാവാ കാതോലിക്കാ സ്ഥാനമേറ്റതിനെ തുടർന്ന് പ്രതിസന്ധി രൂക്ഷമായതോടെ 1990-ൽ ഹെറാൾഡിന്റെ പ്രസിദ്ധീകരണം നിലച്ചു. ഷെബാലി അച്ചൻ മദ്രാസ് ഭദ്രാസനത്തിലെ സേവനത്തിനായി കോട്ടയം വിട്ടു.

1999-ൽ ഹൈദരബാദിൽ വച്ചു നടന്ന ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം അഖില മലങ്കര വാർഷിക കോൺഫറൻസിൽ വച്ചാണ് പിന്നീട് ഞാൻ ഷെബാലി അച്ചനെ കണ്ടത്. യുവജനങ്ങൾക്കായി സഭാപിതാക്കന്മാരുടെ രചനകൾ ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിഡാക്കെയുടെ ഇംഗ്ലീഷ് പതിപ്പ് പോക്കറ്റ് സൈസിൽ പ്രസിദ്ധീകരിച്ചതിന്റെ ഒരു കോപ്പി എനിക്കു തന്നു.


ഇൻഡ്യൻ
ഓർത്തഡോക്സ് ഹെറാൾഡ്
02
ബുധൻ
2012 ആഗസ്റ്റ്
PUBLISHED BY BMM CREATIONS INC, 915 Levick St,Philadelphia, PA 19111.ONLINE EDITION : WWW.ORTHODOXHERALD.COM
CONTACT USA TEL: 215-310-9630, EMAIL: news@orthodoxherald.com CONTACT INDIA TEL: 9447355710, EMAIL newsindia@orthodoxherald.com
HERALD SPECIAL

ഇന്ത്യൻ ഓർത്തഡോക്സ് ഹെറാൾഡ് വെബ്സൈറ്റും ഓൺലൈൻ പത്രവും

മദ്രാസ് ഭദ്രാസനത്തിലെ ഒരു പതിറ്റാണ്ട് നീണ്ട വൈദിക ശുശ്രൂഷയ്ക്കു ശേഷം 2002-ൽ ഷെബാലി അച്ചൻ അമേരിക്കയിലെത്തി. അതോടെ ദേവലോകത്തു നിന്നും പ. മാത്യൂസ് പ്രഥമൻ ബാവായുടെ ഭരണകാലത്ത് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയും 1990-ൽ പ്രസിദ്ധീകരണം നിലയ്ക്കുകയും ചെയ്ത മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് 2002 മുതൽ ഓൺലൈനിൽ സജീവമായി. ഇംഗ്ലീഷിൽ സഭാ വാർത്തകളും വിശ്വാസപരമായ ലേഖനങ്ങളുമാണ് ഹെറാൾഡിന്റെ വെബ്സൈറ്റിൽ ആദ്യ കാലത്ത് പ്രസിദ്ധീകരിച്ചു വന്നത്. പിന്നീട് 2005-ൽ ഹെറാൾഡ് പത്രം മലയാളത്തിൽ പി.ഡി.എഫ്. രൂപത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങി. സാഹിത്യകാരനായ ജോർജ് തഴക്കരയുടെ സഹായത്തോടെയായിരുന്നു ഈ പ്രസിദ്ധീകരണം നടത്തിയിരുന്നത്. ഫാ. കുര്യാക്കോസ് തോട്ടുപുറം ചീഫ് എഡിറ്ററും ഷെബാലി അച്ചൻ എഡിറ്റർ ഇൻ ചാർജും ജോർജ് തഴക്കര റസിഡണ്ട് എഡിറ്ററുമായി ആണ് ഉയർന്ന നിലവാരം പുലർത്തിയിരുന്ന ഈ ഓൺലൈൻ പത്രം നടന്നത്. ആദ്യ വർഷങ്ങളിൽ ആഴ്ചയിൽ നാലു ലക്കങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. പിന്നീടത് ആഴ്ചയിൽ ഒന്നായി ചുരുങ്ങി. സഭയുടെ വിവിധ സമ്മേളനങ്ങളിലെ പ്രസംഗം വോയിഡ് റിക്കോർഡർ ഉപയോഗിച്ച് റിക്കോർഡ് ചെയ്തത് എഴുതിയെടുത്ത് പ്രസിദ്ധീകരിക്കുന്നു എന്നത് ഈ പ്രസിദ്ധീകരണത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസിന്റെ ജീവിത സ്മരണകൾ വെളിച്ചം കണ്ടത് ഇതിലൂടെ ആയിരുന്നു. യാക്കോബായ വിഭാഗം ഓൺലൈനിലൂടെ പ്രചരിപ്പിച്ച പല നുണക്കഥകളും പൊളിച്ചടുക്കാനും ഹെറാൾഡിന് സാധിച്ചു. 2016-ൽ ഹെറാൾഡിന്റെ വെബ്സൈറ്റ് നിർത്തി. അതിനു മുമ്പു തന്നെ സാമ്പത്തിക പ്രതിസന്ധി മൂലം ഓൺലൈൻ പത്രം നിർത്തിയിരുന്നു.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം



"ക്രിസ്തുവിൽ പുതിയതായി ജനിക്കുക"

ദനഹായുടെ ശേഷം മൂന്നാം ഞായറാഴ്ച
(വി. യോഹന്നാൻ 3:1–12)

ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷ വേളയിൽ അനേക വ്യക്തികൾ പല തരത്തിലുള്ള ആവശ്യങ്ങളുമായി യേശുതമ്പുരാനെ സമീപിക്കുന്നു. അതു ചില പ്പോൾ രോഗികൾ ആയിരിക്കാം, മറ്റു പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ അനു ഭവിക്കുന്നവരായിരിക്കാം. ആരൊക്കെ അവനെ സമീപിച്ചിട്ടുണ്ടോ അവർ ഒക്കെ അവരുടെ ആവശ്യങ്ങളുടെപൂർത്തീകരണവുമായിട്ടാണ് തിരികെ പോയിരിക്കു ന്നത്. എന്നാൽ ഇന്നത്തെ വേദഭാഗത്തു ചൂണ്ടിക്കാണിക്കുന്ന സംഭവം ഒരു വ്യത്യസ്തമായ ആവശ്യവുമായി സമീപിക്കുന്ന ഒരു വ്യക്തിയെ ആണ്. മുൻ അദ്ധ്യായത്തിൽ (വി. യോഹന്നാൻ 2: 23–25)യേശുതമ്പുരാൻ ചെയ്ത അത്ഭുത പ്രവൃത്തികൾ കണ്ട് അനേക വ്യക്തികൾ പ്രാഥമിക വിശ്വാസത്തിലേക്ക് കട ന്നുവരുന്നതായി കാണുന്നു. അവരുടെ ഒരു പ്രതിനിധിയായിട്ട് ആണ് നിക്കോ ദിമോസ് യേശുതമ്പുരാന്റെ അടുക്കൽ വരുന്നത്.

നിക്കോദിമോസ്

ഈ നിക്കോദിമോസ് യഹൂദന്മാരുടെ പ്രമാണിയായിരുന്നു. ഇദ്ദേഹത്തെക്കു റിച്ച് സമവീക്ഷണ സുവിശേഷങ്ങളിൽ പരാമർശമില്ല. ഒരു പരീശനും, മതോ പദേഷ്ടാവും, സന്നദ്രീംസംഘത്തിലെ അംഗവും, സമ്പന്നനും, കുലീന കുടും ബാംഗവും, സത്യാന്വേഷകനുമായിരുന്നു. മുൻ അദ്ധ്യായത്തിൽ വിശ്വസിച്ചവ രുടെ കൂട്ടത്തിൽ നിക്കോദിമോസും ഉൾപ്പെട്ടിരുന്നതായി വിശ്വസിക്കാം. എങ്കിലും അപ്പോൾ ഈ മനുഷ്യന്റെ വിശ്വാസം പൂർണ്ണമായിരുന്നില്ല. യേശുതമ്പുരാന്റെ പ്രസംഗങ്ങളും പ്രവൃത്തികളുമൊക്കെ അദ്ദേഹത്തെ കൂടുതൽ അവിടുത്തെ സന്നിധിയിലേക്ക് ആകർഷിച്ചു. തന്മൂലം കർത്താവുമായി കൂടുതൽ അടുത്ത റിയുവാനായി ആഗ്രഹം തോന്നി. പരസ്യമായി കർത്താവിനു ശിഷ്യപ്പെടുവാൻ യഹൂദന്മാരെ ഭയന്നിട്ടായിരിക്കാം ആരും കാണാതെ കർത്താവിന്റെ അടുക്കൽ രാത്രിയിൽ ചെല്ലുന്നത്. ഇതുപോലെ കർത്താവിൽ വിശ്വസിച്ച വേറെയും സന്ന ദ്രീംസംഘാംഗങ്ങൾ ഉണ്ടായിരുന്നു എന്ന് വി. യോഹന്നാൻ 12:42–ൽ നിന്ന് ഗ്രഹിക്കാം. ഇദ്ദേഹം ക്രമേണ ക്രിസ്തുവിൽ ഉള്ള വിശ്വാസത്തിൽ വളർന്നു വന്നു. വി. യോഹന്നാൻ 7:51–ൽ യേശുവിനുവേണ്ടി സന്നദ്രീം സംഘത്തിൽ വാദിക്കുന്നതായി കാണുന്നു. ക്രമേണ വിശ്വാസത്തിൽ വളർന്ന് ക്രൂശാരോഹണ സമയമായപ്പോഴേക്ക് ധൈര്യപൂർവ്വം മുന്നോട്ടു കടന്നു വന്ന് കർത്താവിനെ സംസ്കരിക്കുന്നതിൽ ഒരു പ്രധാന പങ്കു വഹിക്കുന്നു.

നിക്കോദിമോസ് യേശുതമ്പുരാന്റെ അടുക്കൽ വന്നു പറയുന്നു "റബ്ബീ നീ ദൈവത്തിന്റെ അടുക്കൽ നിന്ന് ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു. ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാള ങ്ങളെ ചെയ്‌വാൻ ആർക്കും കഴിയുകയില്ല." അപ്പോൾ യേശുതമ്പുരാൻഅവ നോടു മറുപടി പറയുന്നു "പുതിയതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല" എന്നു ഉത്തരം പറഞ്ഞു. നിക്കോദിമോ സിന്റെ മുൻ വാക്യത്തിലെ ചോദ്യത്തിന്റെ അർത്ഥം, അങ്ങ് സാക്ഷാൽ മ്ശിഹാ യാണോ, എങ്കിൽ അങ്ങയുടെ ഉപദേശങ്ങൾ എന്തെല്ലാമാണ് എന്നാണ്. അതി നുള്ള മറുപടി കർത്താവ് നൽകുന്നു. ദൈവരാജ്യം എന്ന് ഉദ്ദേശിക്കുന്നത് ക്രിസ്തുസഭയും, വീണ്ടും ജനനം എന്നത് മാമോദീസായുമാണ്. അപ്പോൾ നിക്കോദിമോസ് വീണ്ടും ചോദിക്കുന്നു "മനുഷ്യൻ വൃദ്ധനായശേഷം ജനിക്കു ന്നത് എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്ന് ജനിക്കാമോ." യേശു തമ്പുരാൻ അതിനു മറുപടി കൊടുക്കുന്നത് "വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല." വെള്ളം കൊണ്ടും ആത്മാവുകൊണ്ടും എന്നു ഉദ്ദേശിക്കുന്നത് വി. മാമോദീസാ എന്ന കൂദാശയാണ്.



വി. മാമോദീസാ: വെള്ളം കൊണ്ടും ആത്മാവുകൊണ്ടും ഉള്ള വീണ്ടും ജനനം

മാമോദീസാ എന്ന സുറിയാനി പദത്തിന്റെ അർത്ഥം മുങ്ങൽ അഥവാ കുളി എന്നാകുന്നു. യഹൂദ പാരമ്പര്യത്തിൽ ജലം കൊണ്ടുള്ള ശുദ്ധീകരണ രീതി കൾ നിലനിന്നിരുന്നു. (ലേവ്യ 8:6). കുംറാൻ സന്യാസ സമൂഹത്തിലും വെള്ളം കൊണ്ടുള്ള കഴുകൽ ഉണ്ടായിരുന്നു. യോഹന്നാൻ സ്നാപകൻ ഈ സമൂഹ ത്തിൽ നിന്നുള്ള വ്യക്തിയായിരുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ വെള്ള ത്തിൻമീതെ ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ചുകൊണ്ടിരുന്നു. ഈ പരി വർത്തിച്ച പരിശുദ്ധാത്മാവ് മാമോദീസാ വെള്ളത്തിൽ വ്യാപരിച്ച് സ്ഥാനാർത്ഥിയെ പുതിയ സൃഷ്ടിയാക്കുന്നു. (വി. യോഹന്നാൻ 3:5–6). ക്രിസ്തു വിലുള്ള പുതിയ മനുഷ്യനെ ധരിക്കുന്നതിന്റെ അടയാളമാണ് വി. മാമോദീസാ (ഗലാത്യർ 3:27). വെള്ളം സർവ്വ അഴുക്കിനെയും കഴുകി വെടിപ്പാക്കുവാൻ പര്യാപ്തമാണ്. നിർമ്മലമായ ജലം അതിൽ നോക്കുന്ന ഒരാളിന്റെ പ്രതിഛാ യയെ നിഴലിപ്പിച്ചു കാണിക്കുകയും ചെയ്യുന്നു. ആകയാൽ അതിൽ മുങ്ങുന്ന ആളിന്റെ പാപമാലിന്യത്തെ കഴുകി വെടിപ്പു വരുത്തുകയും ആ ആളിനെ ഒരു പുതിയ ആളാക്കി മാറ്റുകയും ചെയ്യുന്നു എന്ന സൂചനയ്ക്ക് വെള്ളം വളരെ പറ്റിയ പദാർത്ഥമാണ്. ഈ ദൃശ്യമായ പല കാരണങ്ങളെ അടിസ്ഥാനപ്പെടു ത്തിയാണ് മാമോദീസാ വെള്ളത്തിലായിരിക്കണമെന്ന് നിശ്ചയിക്കപ്പെട്ടിരിക്കു ന്നത്. ക്രിസ്തീയ മാമോദീസാ മൂലം ഒരുവന് പാപമോചനവും പരിശുദ്ധാ ത്മാവും ലഭിക്കുന്നു.

വി. മാമോദീസാ ക്രിസ്തുവിലുള്ള പുതിയ ജനനത്തിന്റെ അടയാളമാണ്. ക്രിസ്തുവിൽ പുതിയതായി ജനിച്ചാൽ ക്രിസ്തുവിന്റെ ജീവന്റെ പതിപ്പുകളാ യിതീരണം. പുതിയതായി ജനിക്കുന്നത് സ്വയകഴിവാലല്ല ദൈവകൃപയിലാണ്. വി. മാമോദീസാ ശുശ്രൂഷയിലെ സെദറാ പ്രാർത്ഥനയിൽ നാം പ്രാർത്ഥിക്കു ന്നത്,"പഴയ മനുഷ്യനെ ഇവനിൽ നിന്ന് ഉരിഞ്ഞു കളയണമേ,"വീണ്ടും ജന നത്താൽ പുത്രത്വത്തിലേക്ക് പ്രവേശിക്കുന്നു. നിന്റെ ജനകന് പുത്രനാക്കി തീർക്കണമേ; പ്രകാശത്തിന്റെ പുത്രൻ ആക്കി തീർക്കണമേ. വി. മാമോദീസാ യിൽ വെള്ളത്തിന്മേൽ കുരിശടയാളം വരക്കുമ്പോഴുള്ള പ്രാർത്ഥനയിൽ "ഈ വെള്ളത്തെ ആശ്വാസജലവും, സന്തോഷകരവും ആനന്ദകരവുമായ വെള്ളവും നിന്റെ ഏക പുത്രന്റെ മരണത്തേയും പുനരുത്ഥാനത്തേയും ദൃഷ്ടാന്തപ്പെടു ത്തുന്ന വെള്ളവും വെടിപ്പാക്കുന്ന വെള്ളവും ആക്കിത്തീർക്കേണമേ" എന്നാണ് പ്രാർത്ഥിക്കുന്നത്. വെള്ളം ബാഹ്യമായ വെടിപ്പിനെ മാത്രം നൽകുന്നതും ആ വെടിപ്പ് സ്ഥായിയല്ലാത്തതും ആകുന്നു. എന്നാൽ ആത്മാവ് ഇതിൽ നിന്ന് വളരെ

വ്യത്യസ്തവും അതു പ്രവർത്തിക്കുന്നിടത്ത് ഹൃദയംവരെ എത്തുന്നതിനും ജീവ ചൈതന്യം നൽകുന്നതിനും ശക്തിയുള്ളതും ആകുന്നു.

വീണ്ടും ജനനത്തെക്കുറിച്ചുള്ള ഉപദേശത്തിൽ നിക്കോദിമോസിനു തോന്നിയ ആശ്ചര്യത്തെ ക്രിസ്തു ശാസിക്കുന്നു. മാമോദീസാ, വീണ്ടും ജനനം ഈ പേരുകൾ അയാൾക്ക് പരിചയമില്ലാത്തവയല്ല. വിജാതീയരെ വെള്ളത്തിൽ മുക്കി യഹൂദന്മാരാക്കുകയും അതിനു വീണ്ടും ജനനമെന്ന് നാമകരണം ചെയ്യുകയും യഹൂദന്മാർക്ക് പതിവായിരുന്നു. ആകയാൽ വീണ്ടും ജനനമെന്ന പേരിൽ കർത്താവുദ്ദേശിക്കുന്ന മാനസിക പരിവർത്തനത്തെക്കുറിച്ച് വേണ്ടവണ്ണം ഗ്രഹിപ്പാൻ അയാൾ പ്രാപ്തനാകേണ്ടതായിരുന്നു. ഇതു മനസ്സിലാക്കുവാനായി നിക്കോദിമോസിനു പ്രയാസമായി വന്നതിനാൽ ഇതുപോലെ ദുർഗ്രഹവും അദൃശ്യവുമായ സംഗതികൾ ലോകത്തിലും ഉണ്ടെന്നുള്ളതിനു തെളിവായി കാറ്റിന്റെ ഉദാഹരണം പറയുന്നു. കാറ്റിന്റെ ഗതിയും ശക്തിയും നമുക്ക് അറിയുവാൻ കഴിയുമെങ്കിലും അതു കാണുവാനോ അതിന്റെ ആരംഭസ്ഥാനവും അവസാനസ്ഥാനവും നിർണ്ണയിക്കപ്പെടുത്തുവാനോ സാദ്ധ്യമല്ല. ഇതുപോലെയാണ് വിശുദ്ധാത്മ ദാനത്തിന്റെയും വീണ്ടും ജനനത്തിന്റെയും അനുഭവം. ഇവ നമുക്ക് ദൃശ്യമല്ലെങ്കിലും അവ ലഭിച്ച ഒരു മനുഷ്യന്റെ ഗതിയും ശക്തിയും നമുക്ക് അനുഭവപ്പെടുവാൻ നമുക്ക് സാദ്ധ്യമാണ്. ബാഹ്യമായ പ്രതിബന്ധങ്ങൾ കാറ്റിനു തടസ്സമല്ലാത്തതുപോലെ ന്യായപ്രമാണ നിയമങ്ങളോ ശാരീരിക ജനനമോ വിശുദ്ധാത്മ ദാനത്തിന് പ്രതിബന്ധമല്ല. യഹൂദന്മാർക്ക് മാത്രമല്ല ദൈവരാജ്യ അവകാശം ലഭിക്കുന്നത് എന്ന സൂചനയും ഇതിൽ അടങ്ങിയിരിക്കുന്നു.

വി. മാമോദീസാ: അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്കുള്ള ജനനം

നിക്കോദിമോസ് രാത്രിയിൽ യേശുതമ്പുരാന്റെ അടുക്കൽ വരുന്നത് മറ്റു യഹൂദന്മാരെക്കുറിച്ചുള്ള ഭയംകൊണ്ടും, തിരുവെഴുത്തുകളെ പഠിക്കുന്നതിനുള്ള അനുയോജ്യമായ സമയം രാത്രി ആയതുകൊണ്ടും ആയിരിക്കാം. എന്നാൽ പ്രതീകാത്മകമായി രാത്രി അന്ധകാരത്തിന്റെയും, അവിശ്വാസത്തിന്റെയും അജ്ഞതയുടെയും അവസ്ഥയാണ്. യേശുക്രിസ്തുവിന്റെ കൂടെ ഉണ്ടായിരുന്ന യൂദാ പ്രകാശം വിട്ട് അന്ധകാരത്തിലേക്ക് പോകുന്നു. (വി. യോഹന്നാൻ 13:30). എന്നാൽ നിക്കോദിമോസ് അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് വരികയായിരുന്നു. വി. മാമോദീസായിലെ സെദറാ പ്രാർത്ഥനയിൽ നാം ചൊല്ലുന്നത് "പഴയ മനുഷ്യനെ ഇവനിൽ /ഇവളിൽ നിന്ന് ഉരിഞ്ഞു കളയണമേ എന്നാണ്. പാപത്തിന്റെ അടിമയായിരുന്ന പഴയ മനുഷ്യൻ വി. മാമോദീസായിലൂടെ ക്രിസ്തുവിൽ വിശുദ്ധിയുടെ പുതിയ സൃഷ്ടിയായി തീരുന്നു. "നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അദ്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു." (1 പത്രോസ് 2:9) ആകയാൽ ഏതൊരാൾക്കും ദൈവരാജ്യ പ്രവേശനത്തിനു ഒരു പുതിയ തുടക്കം, മനസ്സിന്റെ പുതുക്കം, ഒരു പുതിയ വീക്ഷണശക്തി, ഒരു സമൂല പരിവർത്തനം ആവശ്യമാണ്. അതിനാൽ നാം എപ്പോഴും വി. മാമോദീസായിലൂടെ പ്രകാശത്തിലേക്ക് വിളിച്ച് വേർതിരിക്കപ്പെട്ടവരാണ്.

വി. മാമോദീസാ ശുശ്രൂഷയിലെ ഒരു രഹസ്യപ്രാർത്ഥനയിൽ കാർമ്മികൻ ഇപ്രകാരം ചൊല്ലുന്നു "പാപത്തിന്റെ അടിമത്വത്തിൽ നിന്ന് സ്വതന്ത്രനാകുവാൻ വേണ്ടി ഈ നിന്റെ ആരാധകന്റെ ഹൃദയത്തിൽ നിന്റെ പ്രകാശം ഉദിപ്പിക്കണമേ." ഈ പ്രാർത്ഥനയിലൂടെ നാം ചൊല്ലുന്നത് അന്ധകാരത്തിൽ പിടിപെട്ടുപോയ മനുഷ്യനെ അതിൽനിന്നും സ്വതന്ത്രനാക്കുവാനായി അവനിൽ നിന്റെ പ്രകാശം ഉദിപ്പിക്കണമേ. അവനെ വിശുദ്ധിയുള്ളവനാക്കിതീർക്കണമേ എന്നാണ്. അന്ധകാരത്തിന്റെ പ്രതീകമായ അശുദ്ധാത്മാവായ പിശാചിനെ ഉപേക്ഷിച്ച് വി. മാമോദീസായിലൂടെ പരിശുദ്ധാത്മാവിന്റെ മന്ദിരമായിതീരുന്നു. "നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ. (1കോരി. 3:16). വി. മാമോദീസായിലൂടെ സാത്താന്റെ അടിമത്വത്തിൽ നിന്ന് ജീവന്റെ പ്രകാശത്തിലേക്കുള്ള പ്രവേശനം സാദ്ധ്യമാകുന്നു. "ഒരിക്കൽ പ്രകാശനം ലഭിച്ചിട്ട് സ്വർഗ്ഗീയ ദാനംആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും" എന്ന് എബ്രായർ 6:4-ൽ നാം വായിക്കുന്നു. വി. മാമോദീസായിലൂടെ പ്രകാശത്തിന്റെ മക്കളായിതീരുന്നു എന്നതിന്റെ പ്രതീകമായി വി. മാമോദീസായിക്കുശേഷം സ്ഥാനാർത്ഥിയെ പ്രകാശത്തിന്റെ വസ്ത്രം ഇവനെ/ഇവളെ ധരിപ്പിക്കണമെ എന്നു പറഞ്ഞു വെള്ള വസ്ത്രം ധരിപ്പിക്കുന്നു.

വി. മാമോദീസായിൽകൂടി വെള്ളം കൊണ്ടും ആത്മാവുകൊണ്ടും ഉള്ള ജനനത്തിൽ കൂടി അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് ഒരുവൻ ജനിക്കുന്നു. അങ്ങനെ ഒരുവൻ ക്രിസ്തുവിനോടും അവിടുത്തെ ശരീരമായ സഭയോടും ഐക്യപ്പെട്ട് പുതിയതും, ആത്മാവിനാൽ നയിക്കപ്പെട്ടതുമായ ഒരു ജീവിത അവസ്ഥയിലേക്ക് പ്രവേശിക്കുന്നു. ക്രിസ്തീയ മാമോദീസാ ഒരു ബാഹ്യമായ ശുദ്ധീകരണ കർമ്മമായിട്ടല്ല എടുക്കേണ്ടത്. അതിലുപരി പരിശുദ്ധാത്മ വ്യാപാരം ഒരു വ്യക്തിക്കു ലഭിക്കുന്നതും ക്രിസ്തുവിനോടു കൂട്ടിച്ചേർക്കുന്നതും ക്രിസ്തുശരീരത്തിന്റെ അംശമായി തീരുന്നതുമായ ഒരു കർമ്മമാണ് ഇത്. ക്രിസ്തുശരീരത്തോട് കൂട്ടിച്ചേർക്കപ്പെട്ട് പ്രകാശത്തിന്റെ മക്കളായിത്തീരാം. ❑



കോട്ടയം MD HSS സ്കൂളിന്റെ 130-ാം വാർഷികാഘോഷം, വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പ്, കമ്പ്യൂട്ടർ ലാബിന്റെ സമർപ്പണം എന്നിവ എം. ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസിന്റെ അധ്യക്ഷതയിൽ നടന്നു.



രാജ്യങ്ങൾ കടന്നെത്തിയ ബഹുമതി: തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററിലെ എപ്പിഡമോളജി വിഭാഗം മേധാവിയായ പ്രൊഫ.ഡോ. ഏലിയാമ്മ മാത്യുവിന് 'ഫിൻലൻഡ് ക്യാൻസർ ഫൗണ്ടേഷൻ' പുരസ്കാരം ലഭിച്ചു. അയ്യായിരം യൂറോയും പ്രശസ്തി പത്രവും ചേർന്നതാണ് അവാർഡ്. മലങ്കരസഭയുടെ കെപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് മഹാ ഇടവക അംഗമാണ്. കൈപ്പട്ടൂർ നെടുവംപുറത്ത് ചങ്ങേത്ത് ജെയിംസ് സി. ജോണിന്റെ സഹധർമ്മിണി ആണ്.




ആട്ടിൻകുന്ന് പള്ളി കൂദാശ 27, 28 തീയതികളിൽ

പിറവം: കോടതി വിധി നടപ്പിലാക്കിയ നവീകരിച്ച ആട്ടിൻകുന്ന് സെന്റ്. മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ദേവാലയ കൂദാശയും പ്രധാന പെരുന്നാളും സംയുക്തമായി ജനുവരി 26, 27, 28 തീയതികളിൽ പ. കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെടുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

"The False Night"

(Third Sunday after the Epiphany)
John 3:1-12



Fr. Geevarghese Thomas

This passage is one of the strong teachings of Jesus about the Kingdom of God. It is also particular due to the direct discourse to Nicodemus, who was a member of the Jewish ruling council. Jesus teaches him about the necessity of being born again (or born from above) of the water and the Spirit. Nicodemus being a Jew was baffled when Christ emphasised of being born again. Nicodemus' Jewish identity counter strikes an another question with literalism of the infant birth. Jesus uses certain metaphors and gives the future Church the grace of being "born from above" and the potential identity of the Kingdom of God.

Reflections

Sometimes an Inspiration is just a Mirage worker in our Life.

Nicodemus came to Jesus at night and said, "Rabbi, we know that you are a teacher who has come from God. For no one could perform the signs you are doing if God were not with him." Jesus replied, "Very truly I tell you, no one can see the kingdom of God unless they are born again."(John 3:2,3)

Though this passage has been read several times, quite often it was a striking and interesting thing to ponder, why it has been specially mentioned that Nicodemus came to Jesus "at night". Once he met Jesus, he readily admired Jesus' teachings and considers those to be Divinely inspired. But Jesus' reply for his admiration is a call to the potential realisation of becoming the heirs of the Kingdom of God. Again, why did Nicodemus prefer to meet Him at Night? The two common reasons are- Nicodemus did not want to meet Him publicly; he being a Pharisee and the member of Jewish ruling council. Second, it was a Jewish thought to utilise the night time for studying and personal meditation of the TORAH (night being calm and undisturbed from the hustles of day; and having a thought of Jesus' divinity). It was evident from Nicodemus' welcome statement that he was inspired by the teachings of Jesus. It is interesting to note, when the world is at rest (night), Nicodemus makes a choice of having a personal connect with the one who became his inspiration (keeping aside the above common intent). But mere choice of inspiration is not the aperture of the covenantal relationship with God. Christ's metaphorical reply offers him a greater realisation towards the fulfilment of the choice of his inspiration. Nicodemus' Jewish identity and the readiness he showed in meeting Jesus when the world retires (of mere an inspiration) is not actually the state of adorning Christ in his personal life! It is a false night experience. The inspirations which do not lead us to the state of "born again" (from above) is spiritually slumbersome (as in physical world the retiring state of night).

The world today has many inspirations of its kind. It is our steadfastness to Christ's teachings and Apostolic traditions, which alarms us from the false night experiences caused by the inspirations driven by our hearts desire. These inspirations are mirage that falsify our Christian perfection. Today, the Christian world is welcoming Churchless Christianity! The danger in diverting from the Apostolic traditions withheld the grace of the potential identity of becoming the heirs of the Kingdom of God. The Holy Baptism (birth from the water and the Spirit) is the new life in Christ. This newness is evident all throughout the New Testament.

Peter speaks of being born anew by God's great mercy (1 Peter 1:3); he talks about being born anew not of perishable seed, but of imperishable (1 Peter 1:22-23). James speaks of God bringing us forth by the word of truth (James 1:18). The Letter to Titus speaks of the washing of regeneration (Titus 3:5). Sometimes this same idea is spoken of as a death followed by a resurrection or a re-creation. Paul speaks of the Christian as dying with Christ and then rising to life anew (Romans 6:1-11). He speaks of those who have lately come into the Christian faith as babes in Christ (1 Corinthians 3:1-2). If any man is in Christ it is as if he had been created all over again (2 Corinthians 5:17). In Christ there is a new creation (Galatians 6:15). The new man is created after God in righteousness (Ephesians 4:22-24). The person who is at the first beginnings of the Christian faith is a child (Hebrews 5:12-14). All over the New Testament this idea of rebirth, re-creation occurs. (Barclay's Daily Study Bible Commentary)

The quest for the "meaning of life" is an active privilege of living and imbibing the precepts of Jesus Christ - the perfect God and perfect Human. It is a passive transformation of being inspired by the negative inspirations which belittle the "Teachings and Traditions" and even which add-on pride for certain identities or designations we bear as baptised Christians. Life in Christ has to be an inspiration which continually leads us to the Sacramental bond with Christ. It needs the "One Baptism" (as recited in the Creed) and it needs along the journey a continuos fruition in Spirit through meaningful participation in the mysteries of the Apostolic Traditions of the Holy Church of God. One of the core natures of Christ's economy include His sovereignty as well as His subjectivity over the matters concerning His image bearers. A *sedra* reading prayer of the Holy Eucharist attributes Christ thus- *"You who accepts the sacrifices, became a sacrifice to your Father."* The whole of Christ's economy teaches us that, it was all for the potential perfection of we as the image bearers of God. God in His being never need these visible signs to be administered upon! But in doing so, the whole creation of the human race is blessed with the potential of attaining Christian Perfection. Why would the Son of God need the "born again" (Baptism) experience, if not it was for the consecration of the waters or even the cosmos and initiating the scope of newness for the entire human race?

Conclusion

The "Kingdom of God" is not any quest to be sought in mere inspirations from the world. It is rather a promise to become the heirs of eternity. It is to participate in the Grace and functions of the Holy Spirit. We need to realise and give up the false night experiences which lead us astray or in wrong belief of leading a Christian life. ❑



തഴക്കര എം.എസ് സെമിനാരി സ്കൂളിൽ മാവേലിക്കര പ്ലെസോണിന്റെ സഹകരണത്തിൽ നടപ്പിലാക്കുന്ന കായിക പദ്ധതിയായ വിൻ ദി ഹെയിം എം.ഡി സ്കൂൾ കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഉത്ഘാടനം ചെയ്തു. പി.റ്റി.എ. പ്രസിഡന്റ് ഫാ. കെ. എം. വർഗ്ഗീസ് കളിയ്ക്കൽ അദ്ധ്യക്ഷം വഹിച്ചു. വിൻ ദി ഗെയിമിനു വേണ്ടുന്ന സ്പോർട്ട്സ് കിറ്റുകൾ സ്പോൺസർ ചെയ്യുന്ന ത്രോബോൾ ആലപ്പുഴ ജില്ലാ പ്രസിഡന്റ് അഡ്വ.ബിജു വർഗീസിനെയും മാവേലിക്കര പ്ലെസോൺ ഡയറക്ടർ ഡേവിഡ് ജോസഫിനെയും ആദരിച്ചു.



കുട്ടിക്കാനം മാർ ബസേലിയോസ് ക്രിസ്ത്യൻ എൻജിനിയറിങ് കോളേജിൽ നടന്ന സ്ഥാപക ദിനാഘോഷം എ.പി.ജെ.അബ്ദുൽകലാം സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ ഡോ. സിസ്സ തോമസ് ഉദ്ഘാടനം ചെയ്യുന്നു






പരുമല ആശുപത്രിയിൽ രണ്ടാമതും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി

പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ രണ്ടാമതും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ (റീനൽ ട്രാൻസ്പ്ലാന്റേഷൻ) വിജയകരമായി പൂർത്തിയാക്കി. കോഴഞ്ചേരി സ്വദേശിയായ രോഗിക്കാണ് ശസ്ത്രക്രിയ നടത്തിയത്. ശസ്ത്രക്രിയയ്ക്ക് ശേഷം രോഗിയും ദാതാവും സുഖം പ്രാപിച്ചു ആശുപത്രി വിട്ടു.

പരുമല ആശുപത്രിയിലെ നെഫ്രോളജി വിഭാഗത്തിലെ സീനിയർ കൺസൾട്ടന്റ് ഡോക്ടർ ഹരീഷ് കെ. ജി., ഡോക്ടർ അഭിലാഷ് ചെറിയാൻ യൂറോളജി വിഭാഗത്തിലെ സീനിയർ കൺസൾട്ടന്റ് ആൻഡ് ട്രാൻസ്പ്ലാൻഡ് സർജൻ ഡോക്ടർ മായങ്ക് ഭാരതി, ഡോക്ടർ പ്രവീൺ ഗോപി അനസ്തേഷ്യ വിഭാഗത്തിലെ മേധാവി ഡോക്ടർ അജിത് സണ്ണി, ഡോക്ടർ ജിതിൻ ചെറിയാൻ, ഡോ. അനിത കുര്യൻ, ഡോക്ടർ ചെറിയാൻ മത്തായി എന്നിവർ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകി.

പരുമല ട്രാൻസ്പ്ലാന്റ് സെൻററിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പകുതി നിരക്കിലാണ് ചെയ്തുവരുന്നത്. കൂടുതൽ വിവരങ്ങൾക്കായി 9447780351 എന്ന നമ്പരിൽ ബന്ധപ്പെടുക.

പുസ്തകം





കത്തിപ്പാറത്തടം സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക പെരുന്നാളിന് യൂഹാനോൻ മാർ പോളിക്കാർപ്പോസ് നേതൃത്വം നൽകി



പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് അലുമ്നി അസോസിയേഷന്റെ നേതൃത്വത്തിൽ 1952 മുതൽ 2022 വരെ പഠിച്ച ആത്മീയരംഗത്ത് പ്രവർത്തിക്കുന്ന മെത്രാപ്പോലീത്താമാർ, വൈദികർ, റമ്പാൻമാർ, കന്യാസ്ത്രീകൾ, വിവിധ സമുദായങ്ങളിലെ ആത്മീയ ആചാര്യന്മാർ എന്നിവരുടെ സംയുക്ത കൂട്ടായ്മ സൗഹൃദം.



കുർബാന പാട്ടുകളുടെ ആംഗ്യഭാഷ ദൃശ്യാവിഷ്കാരം ഒരുക്കിയ സംഘത്തെ ഏബ്രഹാം മാർ സ്തേഫാനോസിന്റെ നേതൃത്വത്തിൽ കരിക്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ അനുമോദിച്ചപ്പോൾ. ഫാ. ജെറി വർഗീസ് സമീപം

മൗന 'പ്രാർഥന, ആംഗ്യഭാഷ!

സി. ഗിരീഷ് കുമാർ

കുന്നംകുളം ● ആരാധനയ്ക്ക് പള്ളികളിൽ ആലപിക്കുന്ന കുർബാന പാട്ടുകളുടെ ആംഗ്യഭാഷ ദൃശ്യാവിഷ്കാരം തയാറാക്കിയിരിക്കുകയാണു മലങ്കര ഓർത്തഡോക്സ് സഭ കുന്നംകുളം ഭദ്രാസനത്തിലെ ഫാ. ജെറി വർഗീസ്.

ഭിന്നശേഷിക്കാരനായതിനാൽ കുർബാനയിൽ പങ്കെടുക്കാൻ ബുദ്ധിമുട്ട് നേരിട്ട ഇടവക അംഗത്തിന്റെ വേദന കണ്ടാണ് ഈ പദ്ധതിക്ക് ഫാ. ജെറി വർഗീസ് മുന്നിട്ടിറങ്ങിയത്. 8 മാസത്തിലധികം നീണ്ട ശ്രമത്തിനൊടുവിലാണു പാട്ടുകൾ ഒരുക്കിയത്. ഞായറാഴ്ചകളിൽ സാധാരണ കുർബാനയ്ക്കുപയോഗിക്കുന്ന പാട്ടുകളിൽ കൗമ (പ്രാരംഭ പാട്ടുകൾ) അടക്കം 10 പാട്ടുകൾക്കാണ് ഇതിനകം ദൃശ്യാവിഷ്കാരം ഒരുക്കി പുറത്തിറക്കിയത്. ശേഷിക്കുന്ന പാട്ടുകൾക്ക് കൂടി ആംഗ്യഭാഷ ഒരുക്കി വരികയാണ്. സഭയുടെ ചരിത്രത്തിൽ ഇത്തരമൊരു സംരംഭം ആദ്യമാണെന്ന് സംഘാടകർ പറയുന്നു. കൈകൾ കൊണ്ടും മറ്റു ശരീരഭാഗങ്ങൾ കൊണ്ടും ആംഗ്യം കാണിച്ച് ആശയ വിനിമയം സാധ്യമാക്കുന്ന രീതിയാണിത്.

കരിക്കാട് സെന്റ് മേരീസ് പള്ളി വികാരി ഫാ. ജെറി വർഗീസ് പന്തളം കുരമ്പാല പറക്കുന്നിൽ കുടുംബാംഗവും പന്തളം സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളി അംഗവുമാണ്. പാട്ടുകൾ ഫാ. ഗീവർഗീസ് വർഗീസും ആംഗ്യഭാഷ കെ.സി. ഷൈസിയും പരിശീലിപ്പിച്ചു. ഓർക്കസ്ട്രേഷൻ ഹഗായി കെ. റോയും ദൃശ്യ -വീഡിയോ എഡിറ്റിങ് ജിയോ ജെയ്സനും നിർവഹിച്ചു. കരിക്കാട് പള്ളിയുടെ സൺഡേ സ്കൂൾ വിദ്യാർഥികളാണ് പാട്ടുകൾ പാടിയത്.

> ഭിന്നശേഷിക്കാർക്കും ആരാധന ലഭ്യമാക്കാൻ സമയമെടുത്ത് ശ്രദ്ധാപൂർവം ഇത്തരം സംരംഭം നടപ്പിലാക്കിയത് അനുഗ്രഹകരമാണ്. സഭയിലെ വിവിധ ഇടവകകളിൽ ഇത് പ്രയോജനപ്പെടുന്നവർ ഉണ്ടാകും. ആരാധന എല്ലാവർക്കും ലഭ്യമാക്കാനുള്ള പരിശ്രമം എന്ന നിലയിലും പദ്ധതിക്ക് പിന്തുണ നൽകുന്നു.
>
> **ഡോ. ഗീവർഗീസ് മാർ യൂലിയോസ്**
> **(ഓർത്തഡോക്സ് സഭ കുന്നംകുളം ഭദ്രാസന മെത്രാപ്പൊലീത്ത)**





കർണാടക സംഗീതത്തിൽ ''സംഗീതഭൂഷൺ'' ലഭിച്ച ഫാ. ജേക്കബ് സുജി.



കർണാടക സംഗീതത്തിൽ ''സംഗീതഭൂഷൺ'' ലഭിച്ച ഫാ. ലിജോ. റ്റി. ജോസഫ് തൂക്കനാൽ



കണ്ണൂരിൽ വച്ചു നടന്ന 64-ാമത് കേരള സംസ്ഥാന സ്കൂൾ ഗെയിം ബോക്സിങ് ചാമ്പ്യൻഷിപ്പിൽ രണ്ടാമതും ഗോൾഡ് മെഡൽ കരസ്ഥമാക്കിയ ഏഞ്ചൽ മറിയം വർഗീസ്. ചെങ്ങന്നൂർ ഭദ്രാസനത്തിലെ ആല സെന്റ്ജോർജ് ഓർത്തഡോക്സ് ഇടവകാംഗവും കുട്ടമ്പേരൂർ സെന്റ് മേരീസ് ഓർത്തഡോക്സ് ദൈവാലയത്തിലെ പ്രധാന ശുശ്രൂഷകനും ആയ എൻ. കെ. വർഗീസിന്റെ മകളാണ്.

കേരള സ്കൂൾ ഗെയിംസ് കണ്ണൂരിൽ നടന്ന സംസ്ഥാനതല റസലിംങ് മത്സരത്തിൽ ജൂനിയർ വിഭാഗത്തിൽ (Under 17) ദാനിയ ദാനിയേൽ കാരിക്കോട്ട് വെങ്കല മെഡൽ കരസ്ഥമാക്കി. നിരണം സെന്റ് മേരിസ് പള്ളി ഇടവകാംഗവും മുൻ ബോക്സിങ് സംസ്ഥാന ചാമ്പ്യനുമായ വളഞ്ഞവട്ടം അഡ്വ. ദാനിയേൽ കാരിക്കോട്ടിന്റെയും ഗ്രീനാ ഡാനിയേലിന്റെയും മകളാണ് ദാനിയ. ഈ വർഷം നടന്ന സംസ്ഥാന അമചർ സബ് ജൂണിയർ ബോക്സിങ് ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ നേടിയിരുന്നു.

